# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

മാർച്ച് 2024 വാല്യം 63 ലക്കം 03


Season of Great Fast and Resurrection




അവൻ ഇവിടെയില്ല;

താൻ അരുളിച്ചെയ്തതുപേലെ അവൻ ഉയിർപ്പിക്കപ്പെട്ടു.

മത്തായി 28 : 6

# ആദരാഞ്ജലികൾ



## റവ. ഫാ. ജോർജ് മുണ്ടയ്ക്കൽ

| | | |
|---|---|---|
| ഇടവക | : | കോതമംഗലം |
| ജനനം | : | 12. 01. 1947 |
| തിരുപ്പട്ടം | : | 18. 12. 1972 |
| മരണം | : | 01. 02. 2024 |
| മൃതസംസ്കാരം | : | 02. 02. 2024 |

### സേവനരംഗങ്ങൾ

അസ്തേന്തി : കടവൂർ, പുന്നമറ്റം, തൊടുപുഴ, ഇരട്ടയാർ
വികാരി ഇൻചാർജ് : പള്ളിയ്ക്കാമുറി, ഇഞ്ചത്തൊട്ടി, മുള്ളരിങ്ങാട്, രാജമുടി, ഈട്ടിത്തോപ്പ്, ജോസ്ഗിരി, ചാലാശ്ശേരി, ചെമ്മണ്ണാർ, ഉടുമ്പഞ്ചോല, പള്ളിക്കുന്ന്, പൂയംകുട്ടി, മണികണ്ഠൻചാൽ, പുന്നമറ്റം, ചിലവ്, പൊന്നന്താനം, അരിക്കുഴ, ഏഴല്ലൂർ, തൊമ്മൻകുത്ത്, മാലിപ്പാറ, വണ്ടമറ്റം



ഇൻഡോർ രൂപതയുടെ നിയുക്ത മെത്രാൻ
അഭിവന്ദ്യ മാത്യു കുറ്റിമാക്കൽ പിതാവിന്

# മാതൃരൂപതയുടെ
# അഭിനന്ദനങ്ങളും
# പ്രാർത്ഥനാശംസകളും



ഇൻഡോർ രൂപതയുടെ അധ്യക്ഷനായി
സ്തുത്യർഹ സേവനത്തിനു ശേഷം
വിരമിക്കുന്ന
അഭിവന്ദ്യ ചാക്കോ തോട്ടുമാരിക്കൽ
പിതാവിന് മാതൃരൂപതയുടെ

**കൃതജ്ഞതയും**
**പ്രാർത്ഥനാശംസകളും**

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

മാർച്ച് 2024 വാല്യം 63 ലക്കം 03




## ഉള്ളടക്കം


7 നോമ്പുകാലസന്ദേശം
14 ഇടയലേഖനം
21 CBCI – 36 – ാമത് ദ്വിവർഷ പൊതുസമ്മേളനം
28 രൂപതക്കച്ചേരി
33 P.W.A.
33 ഒഡീഷ മിഷൻ
34 മൈനർ സെമിനാരി
35 വിജ്ഞാനഭവൻ
39 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
41 നിർമ്മല സിവിൽ സർവീസ് അക്കാദമി
42 സോഷ്യൽ സർവീസ്
44 തിരുബാലസഖ്യം
45 ചെറുപുഷ്പ മിഷൻലീഗ്
46 ഫാമിലി അപ്പോസ്റ്റലേറ്റ്
47 പ്രോ – ലൈഫ്
47 പിതൃവേദി
48 മാതൃവേദി
49 യൂദിത്ത് മിനിസ്ട്രി
49 ഡി. എഫ്. സി.
50 യുവദീപ്തി – K.C.Y.M.
53 ജീസസ് യൂത്ത്
53 കത്തോലിക്കാ കോൺഗ്രസ്
55 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
56 കേരള ലേബർ മൂവ്മെന്റ്
57 ഇൻഫാം
58 നെസ്റ്റ് പ്രോഗ്രാം
59 തിരുനാൾ മംഗളങ്ങൾ
61 രൂപതാദ്ധ്യക്ഷന്റെ ഡയറി
64 Bishop's Engagements
65 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
65 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
✆ 8281946306 ✉ bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 14 ഇടയലേഖനം

Page 28 പ്രാർത്ഥനാദിനം

Page 29 നോമ്പുകാല പിരിവ്

Page 31 മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ്

Page 37 വിശ്വാസോത്സവം ഏപ്രിൽ 1– 4


## തിരുനാളുകൾ




18 ജറുസലെമിലെ വി. സിറിൾ



19 വി. യൗസേപ്പിതാവ്



24 ഓശാന ഞായർ



25 മംഗളവാർത്ത തിരുനാൾ



28 പെസഹാവ്യാഴം



29 പീഡാനുഭവവെള്ളി



30 വലിയ ശനി



31 ഉയിർപ്പുതിരുനാൾ

No.: 4008/K-5/KCBC/OL/DS 06.02.2024

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2024-ലെ നോമ്പുകാല സന്ദേശം

## മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, അവിടത്തെ സന്ദേശം എപ്പോഴും സ്വാതന്ത്ര്യത്തിന്റേതാണ്: 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2). സീനായ് മലയിൽവച്ച് മോശയ്ക്ക് നൽകപ്പെട്ട പത്ത് പ്രമാണങ്ങളിലെ ആദ്യ വാക്കുകളാണ് ഇവ. ഈ വാക്കുകൾ കേട്ടവർക്ക് ദൈവം സൂചിപ്പിച്ച പുറപ്പാട് വളരെ സുപരിചിതമായിരുന്നു: അടിമത്തത്തിന്റെ അനുഭവം അവരുടെ ചുമലുകളിൽ നിറഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ മരുഭൂമിയിൽ അവർക്ക് ലഭിച്ച 'പത്ത് വചനങ്ങൾ' (Ten Words) സ്വാതന്ത്ര്യത്തിന്റെ രാജവീഥിയായിരുന്നു. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്താൻ ഉപയോഗിച്ച സ്നേഹത്തിന്റെ ശക്തിക്ക് ഊന്നൽ കൊടുക്കാനായി, നാം അവയെ 'കൽപ്പനകൾ' എന്ന് വിളിക്കുന്നു. സ്വാതന്ത്ര്യത്തിലേക്കുള്ള വിളി നിഷ്കർഷയുള്ള ഒന്നാണ്. അതിനു പെട്ടെന്നങ്ങ് ഉത്തരം നൽകാൻ സാധിക്കില്ല; ഒരു സഞ്ചാരത്തിന്റെ പാതയിൽ പക്വമാക്കപ്പെടേണ്ട ഒന്നാണത്. ഗതകാലത്തിനായി വീണ്ടും കാംക്ഷിക്കുകയും കർത്താവിനും മോശയ്ക്കും എതിരായി പിറുപിറുക്കുകയും ചെയ്യുക വഴിയായി മരുഭൂമിയിൽവച്ച് വീണ്ടും ഈജിപ്തിനോട് ഒട്ടിച്ചേരാൻ താത്പര്യപ്പെട്ട ഇസ്രായേൽകാരെപ്പോലെ ഇന്നും ദൈവത്തിന്റെ ജനം ദുസഹമായ ബന്ധനത്തിൽ നിന്ന് മോചിതരാകാൻ ആവശ്യപ്പെടുമ്പോൾ അതിൽതന്നെ അള്ളിപ്പിടിച്ചിരിക്കുന്നത് കാണാനാകും. ഇക്കാര്യം വളരെ വലിയ സത്യമാണെന്ന് നാം മനസ്സിലാക്കുന്നത് ഇനി ഒട്ടും പ്രത്യാശക്ക് വകയില്ല എന്ന് നമുക്കു തോന്നുന്ന വേളകളിലാണ്; അപ്പോൾ നാം മരുഭൂമിയിൽ എന്നപോലെ ആയിരിക്കുകയും ജീവിതത്തിൽ മുന്നോട്ടു പോകാനായി ഒരു വാഗ്ദത്ത ഭൂമി നമ്മുടെ ലക്ഷ്യമായി

കാണാതിരിക്കുകയും ചെയ്യും. നോമ്പുകാലം കൃപയുടെ അവസരമാണ്; അങ്ങനെയെങ്കിൽ വീണ്ടുമൊരിക്കൽകൂടി, ഹോസിയാ പ്രവാചകൻ പറയുന്നതുപോലെ (ഹോസി 2:16-17 കാണുക), മരുഭൂമി ആദ്യാനുരാഗത്തിന്റെ വേദിയായി ഭവിക്കും. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നു; നമ്മുടെ അടിമത്തം അവസാനിപ്പിക്കാൻ അവിടന്ന് നമ്മെ പ്രാപ്തരാക്കുന്നു; അങ്ങനെ നാം മരണത്തിൽനിന്നു ജീവനിലേക്ക് പ്രവേശിക്കുന്ന അനുഭവമുള്ളവരായി ഭവിക്കും. ഒരു മണവാളൻ എന്നവണ്ണം കർത്താവ് ഒരിക്കൽകൂടി, നമ്മുടെ ഹൃദയത്തോടു സ്നേഹത്തിന്റെ മന്ത്രണങ്ങൾ ചൊല്ലിത്തന്നുകൊണ്ട്, നമ്മെ അവിടത്തോട് ചേർത്തുപിടിക്കും.

അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പാത രൂപഭാവം ഇല്ലാത്ത ഒന്നല്ല. നമ്മുടെ നോമ്പാചരണം പ്രകടമായ ഒന്നായിത്തീരണമെങ്കിൽ ആദ്യപടിയായി വേണ്ടത് യാഥാർഥ്യത്തിലേക്ക് നമ്മുടെ കണ്ണുതുറക്കാനുള്ള ആഗ്രഹമാണ്. മുൾപ്പടർപ്പിൽനിന്നുകൊണ്ട് മോശയെ വിളിച്ച ദൈവം, താൻ കാണുകയും ഏറെ പ്രത്യേകിച്ച് കേൾക്കുകയും ചെയ്യുന്ന ദൈവമാണെന്ന് ഉടൻതന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: 'ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരത കാരണം അവരിൽ നിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേക്ക് അവരെ നയിക്കാനും ആണ് ഞാൻ ഇറങ്ങി വന്നിരിക്കുന്നത്' (പുറ 3:7-8). ഇന്നും മർദിതരായ നമ്മുടെ അനേകം സഹോദരീസഹോദരന്മാരുടെ രോദനം സ്വർഗത്തിലേക്ക് ഉയരുന്നുണ്ട്. നമുക്ക് സ്വയം ചോദിക്കാം: ആ സ്വരം നമ്മൾ കേൾക്കുന്നുണ്ടോ? അതു നമ്മെ അലോസരപ്പെടുത്തുന്നുണ്ടോ? അതു നമ്മെ ചലിപ്പിക്കുന്നുണ്ടോ? യഥാർഥത്തിൽ ഒരുപാട് കാര്യങ്ങൾ അപരരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നു; ആരംഭം മുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യത്തിന്റെ ഭാവം നിഷേധിക്കുന്ന രീതിയാണിത്.

നിസ്സംഗതയുടെ ആഗോളവൽകരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഞാൻ നടത്തിയ ലാംപെദൂസ സന്ദർശനത്തിൽ ഞാൻ രണ്ടു ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവയുടെ പ്രസക്തി ഇന്ന് കൂടുതൽ വ്യക്തമാണ്: 'നീ എവിടെയാണ്?' (ഉത്പ 3:9); 'നിന്റെ

സഹോദരൻ എവിടെ?' (ഉത്പ 4:9). ഈ ചോദ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട്, ഇന്നും നാം ഫറോവയുടെ ഭരണത്തിൻകീഴിലാണ് എന്ന് മനസ്സിലാക്കിയാൽ നമ്മുടെ നോമ്പുകാല സഞ്ചാരം അർഥവത്തായി ഭവിക്കും. ഫറവോയുടെ ഭരണം നമ്മെ ക്ഷീണിതരും നിസ്സംഗരും ആക്കിത്തീർക്കുന്ന ഒന്നാണ്. അത് ഒരുതരം വിഭജനം സൃഷ്ടിക്കുന്നതും നമ്മുടെ ഭാവിയെ ഇല്ലാതാക്കുന്നതുമായ വളർച്ചയുടെ മാതൃകയാണ്. ഭൂമിയും വായുവും ജലവും മലിനമാക്കപ്പെടുന്നു; അതോടൊപ്പം, നമ്മുടെതന്നെ ആത്മാക്കളും. ജ്ഞാനസ്നാനത്തിൽ നമ്മുടെ മോചനപ്രക്രിയ ആരംഭിച്ചു എന്നതു ശരിതന്നെ; എന്നാൽ അടിമത്തത്തെ പ്രാപിക്കാനായുള്ള വിശദീകരിക്കാനാവാത്ത ഒരു തൃഷ്ണ നമ്മിൽ കുടികൊള്ളുന്നു. സുപരിചിതങ്ങളായ സാഹചര്യങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിലേക്കുള്ള ഒരു ആകർഷണമാണത്; അത് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണ്.

പുറപ്പാടിന്റെ വിവരണത്തിൽ ശ്രദ്ധേയമായ ഒരു വിശദാംശമുണ്ട്. അതായത്, ദൈവമാണ് കാണുന്നത്; ദൈവമാണ് ചലിപ്പിക്കപ്പെടുന്നതും സ്വാതന്ത്ര്യം കരഗതമാക്കുന്നതും; ഇസ്രായേൽ അതിനായി ആവശ്യപ്പെടുന്നില്ല. ഫറവോ സ്വപ്നങ്ങളെ അമർച്ചചെയ്യുന്നു; അയാൾ സ്വർഗത്തിലേക്കുള്ള കാഴ്ച മറയ്ക്കുന്നു. മാനുഷിക മഹത്ത്വം ചവിട്ടിമെതിക്കപ്പെടുകയും അർഥവത്തായിട്ടുള്ള ബന്ധങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകം ഒരിക്കലും മാറ്റപ്പെടാൻ ആകില്ല എന്നയാൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനെയും അയാൾ തന്റെ അടിമത്തത്തിന്റെ കീഴിലാക്കുന്നു. നമുക്ക് ആത്മഗതം ചെയ്യാം: ഞാനൊരു പുതിയ ലോകത്തിനായി ആഗ്രഹിക്കുന്നുണ്ടോ? പഴയ ലോകവുമായുള്ള ഒത്തുതീർപ്പുകൾ ഒഴിവാക്കാൻ ഞാൻ തയ്യാറാണോ?

എന്റെ അനേകം സഹോദരമെത്രാന്മാരുടെയും സമാധാനത്തിനും നീതിക്കുംവേണ്ടി പ്രവർത്തിക്കുന്ന മറ്റനേകം പേരുടെയും സാക്ഷ്യംവഴിയായി എനിക്കൊരു കാര്യം ബോധ്യമായി. അതായത്, നമ്മുടെ സ്വപ്നങ്ങളും സ്വർഗത്തിൽ എത്തി ദൈവത്തിന്റെ ഹൃദയത്തെ ത്രസിപ്പിക്കാൻ പര്യാപ്തമായ നമ്മുടെ നിശബ്ദരോദനങ്ങളും അമർച്ച ചെയ്യുന്ന 'പ്രത്യാശയിലുള്ള അഭാവം' നികത്താനായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു 'പ്രത്യാശയുടെ ഈ അഭാവം' ഇസ്രായേലിനെ മരുഭൂമിയിൽവച്ച് തളർത്തുകയും മുന്നോട്ടു ഗമിക്കുന്നതിനു വിഘാതമായി നിൽക്കുകയും ചെയ്ത അടിമത്തത്തിനായുള്ള ഗൃഹാതുരത്വ

ത്തിനു സമമല്ലാത്ത ഒന്നല്ല. ഒരു പുറപ്പാട് തടസ്സപ്പെടാം; അങ്ങനെയല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഇന്നത്തെ ചില യാഥാർഥ്യങ്ങൾ വ്യാഖ്യാനിക്കപ്പെടാൻ സാധിക്കുന്നത്? അതായത്, മനുഷ്യരാശി വിശ്വസാഹോദര്യത്തിന്റെ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു, എല്ലാവരുടെയും മാഹാത്മ്യം ഉറപ്പാക്കാൻ തക്കവിധമുള്ള ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവും നൈയാമികവുമായ വികാസം നാം സിദ്ധിച്ചു കഴിഞ്ഞു; എന്നിട്ടും നാം അസമത്വത്തിന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിൽ തപ്പുകയാണ്.

ദൈവം നമ്മെക്കുറിച്ച് നിരുത്സാഹിതനാകുന്നില്ല. 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' (പുറ 20:2) എന്നത് നമ്മെ ഓർമ്മപ്പെടുത്തുന്ന, ഒരു മഹത്തായ കാലമായി നോമ്പുകാലത്തെ നമുക്ക് സ്വാഗതം ചെയ്യാം. നോമ്പുകാലം ***മാനസാന്തരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും*** കാലമാണ്. എല്ലാവർഷവും നോമ്പുകാലത്തിലെ ഒന്നാം ഞായറാഴ്ച നാം അനുസ്മരിക്കുന്നതുപോലെ യേശുതന്നെയും സ്വാതന്ത്ര്യത്തിൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു. മനുഷ്യാവതാരം ചെയ്ത പുത്രൻ നമ്മുടെ മുമ്പിലും നമ്മോടുകൂടെയും നാല്പത് ദിവസം നിൽക്കും. ഫറവോയിൽനിന്ന് വ്യത്യസ്തൻ എന്നവിധം ദൈവത്തിന് *പ്രജകളെ* ആവശ്യമില്ല, മറിച്ച് *പുത്രീപുത്രന്മാരെയാണ്* വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യം പാകപ്പെടുന്ന ഒരിടമാണ് മരുഭൂമി; അവിടെയാണ് അടിമത്തത്തിലേക്ക് തിരിഞ്ഞു വീഴാതിരിക്കാനുള്ള വ്യക്തിപരമായ തീരുമാനം നാം കൈക്കൊള്ളുന്നത്. നോമ്പുകാലത്ത് നീതിയുടെ പുതിയ മാനദണ്ഡങ്ങളെയും ഇന്നുവരെ സഞ്ചരിക്കാത്ത പുതിയൊരു പാതയിലൂടെ മുന്നോട്ടുപോകാൻ തയ്യാറായി നിൽക്കുന്ന ഒരു ജനസമൂഹത്തെയുമാണ് നാം കണ്ടെത്തുന്നത്.

എന്നാൽ ഇത്, പുറപ്പാടിന്റെ പുസ്തകവും യേശുവിന്റെ മരുഭൂമിയിലെ പരീക്ഷണങ്ങളും നമുക്ക് വ്യക്തമാക്കുന്നതുപോലെ, ഒരു ബലപരീക്ഷണം ഉൾക്കൊള്ളുന്നതാണ്. 'നീ എന്റെ പ്രിയപുത്രൻ ആകുന്നു' (മർക്കോ 1:11) എന്നും 'ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്' (പുറ 20:3) എന്നുമുള്ള ദൈവത്തിന്റെ സ്വരം ശത്രുവിനാലും അസത്യങ്ങളാലും ഖണ്ഡിക്കപ്പെടുന്നു. നാം നമുക്കായി ഒരുക്കുന്ന വിഗ്രഹങ്ങളെയാണ് യഥാർഥത്തിൽ ഫറവോയെക്കാൾ കൂടുതൽ നാം

ഭയപ്പെടേണ്ടത്; നമ്മുടെ ഉള്ളിലിരുന്ന് മന്ത്രിക്കുന്ന അവന്റെ സ്വരമായി നാം അവയെ കണക്കാക്കുന്നു. സർവശക്തരായിരിക്കാനും എല്ലാവരാലും പരിഗണിക്കപ്പെടാനും എല്ലാവരുടെയുംമേൽ ആധിപത്യം പുലർത്താനും നാം ആഗ്രഹിക്കുന്നു; അപ്രകാരമുള്ള ഒരു അസത്യം എത്രമാത്രം പ്രലോഭനജനകമാണെന്ന് ഓരോ വ്യക്തിക്കും അറിയാം. എന്നാൽ, അത് കൂടുതൽ സഞ്ചരിക്കപ്പെടുന്ന പാതയാണ്. ധനത്തോടും ചില പ്രത്യേക പദ്ധതികളോടും ചില ആശയങ്ങളോടും ലക്ഷ്യങ്ങളോടും സ്ഥാനമാനങ്ങളോടും പാരമ്പര്യങ്ങളോടും, എന്നല്ല ചില വ്യക്തികളോടും നാം ഒട്ടിച്ചേർന്നിരിക്കാൻ സാധ്യതയുണ്ട്. മുന്നോട്ടുഗമിക്കാൻ സഹായിക്കുന്നതിനുപകരം അവ നമ്മെ തളർത്തിക്കളയുന്നു. കണ്ടുമുട്ടലിനു പകരം ഏറ്റുമുട്ടലിലേക്ക് അവ നമ്മെ നയിക്കുന്നു. എന്നിരുന്നാലും, ഒരു പുതിയ മാനവരാശിയുമുണ്ട്; ചെറിയവരുടെയും വിനീതരുടെയും ഒരു ഗണമാണത്; അസത്യത്തിന്റെ ആകർഷണത്തിനു വഴങ്ങാത്തവരാണ് അവർ. വിഗ്രഹങ്ങളെ ശുശ്രൂഷിക്കുന്നവർ അവയെപ്പോലെതന്നെ മൂകരും അന്ധരും ബധിരരും ചലനമറ്റവരും ആയിത്തീരുമെങ്കിൽ (സങ്കീ 114:4 കാണുക) ആത്മാവിൽ ദരിദ്രർ തുറവുള്ളവരും തയ്യാറുള്ളവരുമാണ്, അതായത്, സുഖപ്പെടുത്തുകയും ലോകത്തെ നിലനിറുത്തുകയും ചെയ്യുന്ന നന്മയുടെ ഒരു നിശബ്ദ ശക്തി.

ഇത് പ്രവർത്തിക്കാനുള്ള സമയമാണ്, എന്നാൽ നോമ്പുകാലത്ത് *പ്രവർത്തിക്കുക* എന്ന് പറഞ്ഞാൽ *അല്പം നിറുത്തുക* (to pause) എന്നർഥമുണ്ട്. അതായത്, *പ്രാർഥനയ്ക്കായി* ഇടവേള എടുക്കുക; അങ്ങനെ ദൈവവചനം സ്വീകരിക്കാനും പരിക്കേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ കൂടെ അല്പനേരം നില്ക്കാനും സമയം കണ്ടെത്തുക. ദൈവസ്നേഹവും അയൽക്കാരോടുള്ള സ്നേഹവും ഒരേ സ്നേഹംതന്നെയാണ്. അന്യദേവന്മാർ ഉണ്ടായിരിക്കാൻ പാടില്ല എന്നു പറയുന്നത്, സഹോദരന്റെ ശരീരത്തിന്റെ സവിധേ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നില്ക്കുക എന്നത്രേ. അക്കാരണത്താൽ പ്രാർഥന, ദാനധർമ്മം, ഉപവാസം എന്നിവ പരസ്പരബന്ധമില്ലാത്ത പ്രവൃത്തികൾ അല്ല. നമ്മെ ഭാരത്താൽ വലിയ്ക്കുന്ന വിഗ്രഹങ്ങളിൽ നിന്നും നമ്മെ ബന്ധനങ്ങളാൽ തടവറയിൽ ആക്കുന്ന പ്രവൃത്തികളിൽ നിന്നും മോചിപ്പിച്ച് തുറവിന്റെയും സ്വയം ശൂന്യവൽകരണത്തിന്റെതുമായ പാതയിൽ കൊണ്ടെത്തിക്കുന്ന ഏകചലനമാണ് അവ. അ

പ്പോൾ നമ്മുടെ ശോഷിച്ചതും ഒറ്റപ്പെട്ടതുമായ ഹൃദയം വീണ്ടും ബലപ്പെടുത്തപ്പെടും. മന്ദഗതിയിലാകുക, തുടർന്ന് നിലയ്ക്കുക! ജീവിതത്തിന്റെ ധ്യാനാത്മകഭാവം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന നോമ്പുകാലം നമുക്ക് പുതിയ ഊർജം പകരും. ദൈവിക സാന്നിധ്യത്തിൽ, അപരനെക്കുറിച്ചുള്ള സംവേദനക്ഷമതയിൽ നാം കൂടുതൽ കൂടുതൽ സഹോദരീസഹോദരന്മാരായി ഭവിക്കും; ഭീഷണികളുടെയും ശത്രുക്കളുടെയും സ്ഥാനത്ത് നാം സഹകാരികളെയും സഹയാത്രികരെയും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ സ്വപ്നം, അതായത്, നമ്മുടെ അടിമത്തം പിന്നിലാക്കിക്കൊണ്ട് വാഗ്ദത്ത ഭൂമിയിലേക്കുള്ള നമ്മുടെ തീർത്ഥാടനം.

ഈ വർഷങ്ങളിൽ നാം വീണ്ടും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന 'സഭയുടെ സിനഡാത്മകരൂപം' നോമ്പുകാലത്തെ നോക്കികാണുന്നത് സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമായാണ്, അതായത് ചെറുതും വലുതും ആയതും നിലവിലുള്ളവയ്ക്ക് വിരുദ്ധമായതുമായ തീരുമാനങ്ങൾ എടുക്കുന്നകാലം. വ്യക്തികളുടെയും മുഴുവൻ ജനസമൂഹങ്ങളുടെയും ജീവിതങ്ങളെയും ദൈനംദിനം ഉള്ള വ്യവഹാരങ്ങളെയും വ്യത്യസ്തപ്പെടുത്താനുള്ള തീരുമാനങ്ങൾ, അതായത്, വസ്തുക്കൾ സ്വന്തമാക്കാനുള്ള മാർഗങ്ങൾ, സൃഷ്ടിയെക്കുറിച്ചുള്ള കരുതൽ, പരിസ്ഥിതി സംരക്ഷണം, കാണപ്പെടാത്തവരും നിരാകരിക്കപ്പെട്ടവരും ആയവരെയും ഉൾക്കൊള്ളാനുള്ള തീരുമാനങ്ങൾ എന്നിവ. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായി ഞാൻ ഓരോ ക്രൈസ്തവ സമൂഹത്തെയും ക്ഷണിക്കുന്നു: തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി അതിന്റെ അംഗങ്ങൾക്ക് സമയം ഒരുക്കി നൽകുക; സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരം ഒരുക്കുക; തങ്ങളുടെ ജീവിതംവഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക എന്നിവ. യേശുവിനെ നിരാശനാക്കിയ തരത്തിലുള്ള പശ്ചാത്താപമാണ് നമ്മുടെ ക്രൈസ്തവമായ പശ്ചാത്തപമെങ്കിൽ അപ്രകാരമുള്ളത് ശാപഗ്രസ്തം ആയിരിക്കും. കാരണം, നമ്മോട് യേശു പറയുന്നു, 'നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻ വേണ്ടി അവർ മുഖം വികൃതമാക്കുന്നു' (മത്താ 6:16). അതിനുപകരം, മറ്റുള്ളവർ നമ്മുടെ സന്തോഷഭരിതമായ

മുഖങ്ങൾ കാണട്ടെ. അങ്ങനെ അവർക്ക് സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവും സ്നേഹത്തിന്റെ അനുഭവവും ലഭ്യമാകട്ടെ. പ്രസ്തുത സ്നേഹം ഏറ്റവും ചെറുതിൽനിന്നു തുടങ്ങി നമ്മുടെ ഏറ്റവും അടുത്തുള്ളതു വരെയുള്ള എല്ലാ കാര്യങ്ങളും നവമാക്കുന്ന ഒന്നാണ്. ഇത് നമ്മുടെ ഓരോ ക്രൈസ്തവ സമൂഹത്തിലും നടക്കാവുന്ന ഒരു കാര്യമാണ്.

നോമ്പുകാലം മാനസാന്തരത്തിന്റെ അവസരമായി മാറുകയാണെങ്കിൽ, ഉൽക്കണ്ഠാഭരിതമായ മനുഷ്യ സമൂഹം സർഗാത്മകതയുടെ ഒരു പ്രസരണവും പ്രത്യാശയുടെ ഒരു കിരണവും ദർശിക്കും. കഴിഞ്ഞ വേനൽകാലത്ത് ലിസ്ബണിൽവച്ച് യുവാക്കളോടു ഞാൻ പറഞ്ഞത് ആവർത്തിക്കട്ടെ: 'അന്വേഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കുവിൻ, സാഹസങ്ങൾ ചെയ്യാൻ തയ്യാറായിരിക്കുവിൻ'. ഇക്കാല സന്ധിയിൽ നാം വളരെയേറെ പ്രതിസന്ധികളാണ് നേരിടുന്നത്; അനേകം ജനതകളുടെ ദീനരോദനം നാം കേൾക്കുന്നു. യഥാർഥത്തിൽ കഷണം കഷണമായി നാം ഒരു മൂന്നാം ലോകമഹായുദ്ധമാണ് അനുഭവിക്കുന്നത്. എന്നിരുന്നാലും, ലോകത്തെ നോക്കികാണാനുള്ള ധൈര്യം നമുക്ക് സംഭരിക്കാം: മരണവേദനയിൽ ആയിരിക്കുന്ന ലോകത്തെയല്ല, മറിച്ച് ജന്മംനൽകുന്നതിൽ ആയിരിക്കുന്നതിനെ; മഹത്തായ ചരിത്രത്തിന്റെ അവസാനത്തിലായിരിക്കുന്നതിനെയല്ല, പുതിയതിന്റെ ആരംഭത്തിൽ ആയിരിക്കുന്ന ഒരു ലോകത്തെ. ഇപ്രകാരം ചിന്തിക്കാൻ നമുക്ക് ധൈര്യം വേണം' (2023 ആഗസ്റ്റ് 3-ാം തീയതി സർവകലാശാലാ വിദ്യാർഥികൾക്ക് നൽകിയ സന്ദേശം). ഇതാണ് മാനസാന്തരത്തിന്റെ ധൈര്യം, അടിമത്തത്തിൽനിന്നു പുറത്തുവന്ന് ജന്മം എടുത്ത മാനസാന്തരത്തിന്റെ ധൈര്യം. എന്തെന്നാൽ, പ്രത്യാശ എന്ന ചെറിയ ശിശുവിന്റെ കരങ്ങളിൽ വിശ്വാസവും സ്നേഹവും പിടിക്കുന്നു. അവർ അവളെ നടക്കാൻ പഠിപ്പിക്കുന്നു; അതേസമയം, അവൾ അവരെ മുന്നോട്ടു നയിക്കുന്നു [1].

ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ നോമ്പുകാല പാതയെയും ആശീർവദിക്കുന്നു

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച, 2023 ഡിസംബർ മൂന്നാം തീയതി നൽകപ്പെട്ടത്.

ഫ്രാൻസിസ് പാപ്പാ

Prot. No. 0205/2024

# ഇടയലേഖനം

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധന ചെയ്യുകയാണ്. സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭ മുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കുകയും ചെയ്ത കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിനും ഏറ്റം ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവികഇടപെടലുകളുടെ അത്ഭുതവിവരണമാണ്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവസമൂഹത്തിനു നൂറ്റാണ്ടുകൾ

നീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടിവന്നത്. കത്തോലിക്കാകൂട്ടായ്മയിൽനിന്നു വിഘടിച്ചുപോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992-ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെയാണു സീറോ മലബാർ സഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ വഴി നടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടുംകൂടെ അനുസ്മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും  വ്രതമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള സഭയായി സീറോ മലബാർസഭയെ വളർത്തുകയും  ഭാരതത്തിനു പുറത്തു മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നല്കുകയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തുലക്ഷ്യത്തിലെത്തിച്ചത് അഭിവന്ദ്യപിതാവിന്റെ നിശ്ചയദാർഢ്യവും നേതൃത്വപാടവവുമാണ്. വന്ദ്യ പിതാവു സഭയ്ക്കുവേണ്ടി ചെയ്ത ത്യാഗപൂർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെടുപ്പിനു സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് (മത്താ. 25: 35-36). 'പാവങ്ങളുടെ സഭ' എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്നനിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനും ആവശ്യമായതും ഭരണഘടന ഉറപ്പുനല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിതങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രിക സാഹോദ

ര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റു അസംഘടിത സമൂഹങ്ങളിലുമായി അൻപതുലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാട് ഉള്ളവരാകണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തുലക്ഷത്തോളംവരുന്ന കുടുംബങ്ങളാണു നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പരബഹുമാനത്തിലും രൂപപ്പെടുകയും വളരുകയുംചെയ്യുന്ന കുടുംബങ്ങൾക്കു മാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധിക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസ ജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിത സാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസ പരിശീലനം സഭമുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ശുശ്രൂഷചെയ്യുന്നവരെ പ്രാർഥനയിൽ പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിത മേഖലകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷകളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹ്യ സേവനത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖലകളിൽനിന്നു അവരെ പുറത്താക്കാനും ജനോപകാരപ്രവർത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിത ശ്രമങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്തു സഭമുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലിസാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനും വേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോ മലബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാം ക്ലാസ്സു കഴിഞ്ഞയുടൻ വിദേശത്തേക്കുപോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ വിദേശത്തേക്ക് അയക്കുന്ന സാഹചര്യവും വിശകലന വിധേയമാക്കണമെന്നു ഞാനാഗ്രഹിക്കു

ന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത്. വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹികമാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയുംചെയ്യാം. ഈ വിഷയത്തിനു പരിഹാരംകാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ പിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോടു എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധനത്തിൽനിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാ കൂട്ടായ്മയിൽ നമ്മൾ നിലനില്ക്കുന്നതു പരിശുദ്ധ പിതാവിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേല്പിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശവയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകുമ്പോഴും, "അവിടന്നു തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നല്കുമെങ്കിലും അവിടന്നു സ്വജനത്തെ കൈവിടുന്നില്ല" (2 മക്ക 6:16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്"(യോഹ 15:16) എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. "നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്" (1 തെസ 5:24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ. സാർവത്രിക സഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തിസഭകളിലൊന്നായ സീറോമലബാർ സഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസസാക്ഷ്യം നല്കാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI)

## 36-ാമത് ദ്വിവർഷ പൊതുസമ്മേളനം

(XXXVI Bennial General Body Meeting)

## ഉപസംഹാര പ്രസ്താവന (Final Statement)

ജനുവരി 31 - ഫെബ്രുവരി 07, 2024,

St. John's National Academy of Health Sciences, Bengaluru, India

**ആമുഖം**

1) ഭാരത മെത്രാൻ സമിതിയുടെ അംഗങ്ങളായ ഞങ്ങൾ, 170 മെത്രാന്മാർ, 2024 ജനുവരി 31 മുതൽ ഫെബ്രുവരി 7-ാം തീയതി വരെ, കർത്താവായ യേശുക്രിസ്തുവിൽ സന്തോഷപൂർവ്വം പ്രത്യാശ അർപ്പിച്ചുകൊണ്ട്, ബംഗളൂരുവിലെ St. John's National Academy of Health Sciences ൽ ഞങ്ങളുടെ 36-ാമത് പൊതുസമ്മേളനത്തിനായി ഒത്തുചേർന്നു. 'നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തോടുള്ള സഭയുടെ പ്രതികരണം, നിർമിതബുദ്ധിയുടെ പ്രയോജനങ്ങളും വെല്ലുവിളികളും' എന്നിവയായിരുന്നു ഞങ്ങളുടെ മുഖ്യചർച്ചാവിഷയങ്ങൾ. സഭയുടെ സ്വഭാവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന 'കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം' എന്ന ചിന്തയുമായി മുന്നേറുന്ന ഇപ്പോഴത്തെ സിനഡാത്മകതയെ സംബന്ധിച്ച സിനഡിന്റെ (ഒക്ടോബർ 2021 - ഒക്ടോബർ 2024) പശ്ചാത്തലത്തിലാണ് ഇപ്രകാരം ഒരു വിചിന്തനം ഞങ്ങൾ നടത്തിയത്. പരിശുദ്ധാത്മാവിനെയും പരസ്പരവും ശ്രവിക്കാൻ സിനഡാത്മകത നമ്മെ ക്ഷണിക്കുന്നു, എന്തെന്നാൽ 'ഒരേ ആത്മാവിൽ ഒരേ ശരീരത്തിലേക്ക് നാം സ്നാനപ്പെട്ടിരിക്കുന്നു (1 കോറി 12:13). ഇക്കാര്യത്തിൽ, ഫ്രാൻസിസ് പാപ്പായുടെ ക്ഷണത്താലും നാം പ്രചോദിതരാണ്. പാപ്പാ പറയുന്നു: 'ഒരൊറ്റ മനുഷ്യ കുടുംബം എന്ന നിലയിൽ, സഹയാത്രികരെപ്പോലെ, നമ്മുടെ പൊതു ഭവനമായ ഒരേ ഭൂമിയുടെ മക്കൾ എന്നപോലെ, നാമോരോരുത്തരും സ്വന്തം വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നത കൊണ്ടുവന്നുകൊണ്ട്, അവരവരുടെ ശബ്ദത്തോടെ, എല്ലാവരും സഹോദരിമാരും സഹോദരന്മാരും എന്ന നിലയിൽ നമുക്ക് സ്വപ്നം കാണാം' (എല്ലാവരും സഹോദരർ [Fratelli Tutti], 8).

I. **ഇന്നത്തെ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യവും നമ്മുടെ പ്രത്യുത്തരവും**

2) നാനാത്വത്തിൽ ഏകത്വം എന്ന ധന്യമായ സാംസ്കാരിക പാരമ്പര്യമുള്ള ഒരു പുരാതന നാഗരികതയാണ് നമ്മുടേത്. ഭരണ ഘടനയിൽ പ്രതിഷ്ഠിതമായിരിക്കുന്ന മതസൗഹാർദം, അഹിംസ, സമാധാനം എന്നീ മൂല്യങ്ങൾ വിലമതിക്കുന്നവരാണ് ഭാരതീയർ. കാലത്തിന്റെ സൂചനകളോടു പ്രതികരിച്ചുകൊണ്ട് CBCI യോഗത്തിൽ ആദ്യംതന്നെ ഇന്ന് നമ്മുടെ രാഷ്ട്രത്തിൽ നിലനിൽക്കുന്ന സാഹ ചര്യമാണ് വിചിന്തന വിഷയമാക്കിയത്. ശാസ്ത്രം, സാങ്കേതികവിദ്യ, സമ്പദ്‌വ്യവസ്ഥ തുടങ്ങി മറ്റ് അനേകം മേഖലകളിൽ ഇന്ത്യ അഭൂത പൂർവമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്; ലോകത്തിലെതന്നെ ഒരു സാമ്പത്തിക ശക്തിയായി വളർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രമായി ഇന്ത്യ അംഗീകരിക്കപ്പെട്ടുവരുന്നു. ക്രിസ്തീയ സമൂഹം നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ അഭിമാനം കൊള്ളുന്നു. അതേസമയം നമ്മെ ഉത്കണ്ഠാകുലരാക്കുന്ന മറ്റു പല കാര്യങ്ങളും ഉണ്ട്:

2.1 സാമ്പത്തിക ഉന്നമനം നമ്മുടെ രാഷ്ട്രത്തിലെ വളരെ കുറച്ചു ശതമാനം ആളുകൾക്കു മാത്രമേ പ്രാപ്യമായിട്ടുള്ളൂ. തൊഴിലില്ലായ്മ യുടെ തോത് വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. വലിയ തോതിലുള്ള ദേശാ ന്തരഗമനം അനേകായിരങ്ങൾക്ക് ദുരിതത്തിന് കാരണമായിട്ടുണ്ട്. അതുപോലെതന്നെ, ശാസ്ത്ര, സങ്കേതിക രംഗത്തെ പുരോഗതി നമ്മുടെ ഏറിയ ശതമാനം ആളുകളുടെയും പക്കൽ എത്തിച്ചേർന്നിട്ടില്ല, ഏറെ പ്രത്യേകിച്ച് ഗ്രാമീണ ജനത അതിൽ നിന്നുള്ള പ്രയോജനങ്ങൾ അനുഭവിക്കുന്നില്ല; ഡിജിറ്റൽ ആയുള്ള ഒരു വിഭജനമാണ് (digital divide) ഇതിന്റെ അനന്തരഫലം.

2.2 വികസനം മിക്കപ്പോഴും പരിസ്ഥിതിക്ക് ഹാനികരമായിട്ടുണ്ട്; അത് നമ്മുടെ ഗോത്രവർഗ സഹോദരീസഹോദരന്മാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും അവരുടെ ആവാസഭൂമി നഷ്ടപ്പെടു ത്താൻ ഇടവരുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിൽ തൊഴിലെടു ക്കുന്ന തീരദേശങ്ങളിലുള്ള നമ്മുടെ സഹോദരരുടെ സഹനം നേരിട്ടു നാം കണ്ടിട്ടുണ്ട്; അതുപോലെതന്നെ കർഷകരുടെ അസ്വാസ്ഥ ജനകമായ ദീർഘമായ പോരാട്ടവും.

2.3 വിഭജന ലക്ഷ്യങ്ങളുള്ള മനോഭാവങ്ങളും വിദ്വേഷപ്രസംഗ ങ്ങളും തീവ്രവാദപ്രസ്ഥാനങ്ങളും നമ്മുടെ രാഷ്ട്രത്തെയും ഭരണ

ഘടനയെയും കരുപ്പിടിപ്പിച്ച ബഹുസ്വരതയും മതേതരചിന്തയും ഇല്ലാതാക്കാൻ പോരുന്നതായി ഭവിക്കുന്നു. ഭരണഘടന ഉറപ്പുതരുന്ന മൗലിക അവകാശങ്ങൾക്കും ന്യൂനപക്ഷ അവകാശങ്ങൾക്കും കോട്ടം തട്ടാൻ പാടുള്ളതല്ല.

2.4 നമ്മുടെ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു. ഭവനങ്ങളും ദേവാലയങ്ങളും നശിപ്പിക്കുന്നതും ഹോസ്റ്റലുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആതുരശുശ്രൂഷരംഗങ്ങളിലും സേവനം ചെയ്യുന്നവരെ പലവിധത്തിൽ ശല്യപ്പെടുത്തുന്നത് പതിവായി ത്തീർന്നിരിക്കുന്നു. ഭീമമായവിധത്തിൽ ജീവനും ജീവിത മാർഗങ്ങളും തുടച്ചുനീക്കുന്ന ഇനിയും അവസാനിക്കാത്ത മണിപ്പൂർ കലാപം ഞങ്ങളെ സംഭ്രമിപ്പിക്കുകയും അതീവ ദുഃഖിതരാക്കുകയും ചെയ്യുന്നു.

2.5 നമ്മുടെ രാജ്യത്തെ ജനാധിപത്യസ്ഥാപനങ്ങൾ ദുർബലമാക്കപ്പെടുന്നെന്നും ഫെഡറൽ ഘടന പരിമിതപ്പെടുത്തുന്നെന്നും ജനാധിപത്യത്തിന്റെ നാലാമത്തെ നെടുംതൂണായ മാധ്യമങ്ങൾ തങ്ങളുടെ ചുമതല നിറവേറ്റുന്നില്ലെന്നുമുള്ള വ്യാപകമായ ആക്ഷേപമുണ്ട്.

2.6 മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം മതപരമായ ധ്രുവീകരണം സംഭവിക്കുകയും അത് നമ്മുടെ രാഷ്ട്രത്തിലെ സാമൂഹ്യ മൈത്രിക്കു ഭംഗം വരുത്തുകയും ജനാധിപത്യത്തെതന്നെ അപകടപ്പെടുത്തുകയും ചെയ്യുന്നു.

3. അഹിംസയുടെയും മുറിവുണക്കലിന്റെയും നീതിയുടെയും അനുരഞ്ജനത്തിന്റെയും പാത അവലംബിക്കുന്നവിധമാണ് ഞങ്ങളുടെ പ്രതികരണം: തൽസംബന്ധമായി താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ നിർദേശിക്കുന്നു:

3.1 ക്രൈസ്തവരെന്ന നിലയിൽ ഞങ്ങളുടെ ആദ്യപ്രതികരണം പ്രാർഥനയുടേതാണ്: 'കാരണം ദൈവത്തിന് എല്ലാം സാധ്യമാണ്' (മത്താ 19:26). അതിനാൽ, നമ്മുടെ രാജ്യത്ത് സമാധാനവും ഐക്യവും പുലരാൻ ഓരോ രൂപതയും 2024 മാർച്ച് 22-ാം തീയതി, വെള്ളിയാഴ്ച, പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിക്കണം എന്ന് CBCI നിർദേശിക്കുന്നു.

3.2 ജാതിയോ മതമോ ലിംഗമോ കണക്കിലെടുക്കാതെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ പ്രതിജ്ഞാബദ്ധതയോടെ ശുശ്രൂഷി

ക്കുക എന്ന കാര്യം ഞങ്ങൾ പുനരുറപ്പിക്കുന്നു; അതുവഴിയായി ഏറ്റവും എളിയവരും അവസാനം നിൽക്കുന്നവരുമായവർക്കും പുരോഗതിയുടെ ഫലങ്ങൾ അനുഭവവേദ്യമാക്കണം.

3.3 നമ്മുടെ കുടുംബങ്ങളും സമൂഹങ്ങളും സ്ഥാപനങ്ങളും നമ്മുടെ ഭരണഘടനയുടെ ചൈതന്യം ഉൾക്കൊള്ളുകയും അതിന്റെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

3.4 ഭരണഘടനയുടെ അടിസ്ഥാനഘടന നിലനിർത്താനുള്ള എല്ലാ സമീപനങ്ങളും സ്വീകരിക്കണമെന്ന് ഞങ്ങൾ രാഷ്ട്രീയ നേതാക്കളോട് അഭ്യർത്ഥിക്കുന്നു; ഏറെ പ്രത്യേകിച്ച് ഭരണഘടനയുടെ ആമുഖം (Preamble) നിലനിർത്തണം: അത് ഇന്ത്യ സ്വതന്ത്രവും സമൂഹ നീതിയിൽ അധിഷ്ഠിതവും ജനാധിപത്യപരവും ആയ റിപ്പബ്ലിക് ആണെന്നും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പാക്കുന്നു എന്നും പ്രഖ്യാപിക്കുന്നു.

3.5 എല്ലാ പൗരരും സമ്മതിദായക പട്ടികയിൽ പേര് ചേർക്കുകയും യുക്തിപൂർവം തങ്ങളുടെ സമ്മതിദായക അവകാശം നിറവേറ്റുകയും ചെയ്യണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവർ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുകയും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന നേതാക്കളെ തിരഞ്ഞെടുക്കാൻ ഇടവരട്ടെ.

3.6 ദളിത് ക്രൈസ്തവർക്കും വിവേചിതരായ ന്യൂനപക്ഷങ്ങൾക്കും പട്ടികജാതികൾ എന്ന ആനുകൂല്യം നൽകണമെന്ന് ഞങ്ങൾ ആവർത്തിച്ച് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. അതുപോലെ തന്നെ, ഗോത്രവർഗക്കാരായ ക്രൈസ്തവരെ പട്ടികവർഗ നിലയിൽ നിന്ന് നീക്കം ചെയ്യാനുള്ള ശ്രമങ്ങളും പട്ടികവർഗ ജനതകളെ അപ്രകാരമുള്ള ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനുള്ള ശ്രമങ്ങളും സർക്കാർ നടത്തരുതെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു.

3.7 ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളും ന്യൂനപക്ഷ അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതോടൊപ്പംതന്നെ, ഞങ്ങൾ നമ്മുടെ മാതൃരാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നവരും ഉത്തരവാദിത്വപൂർവം പെരുമാറുന്നവരുമായി തുടരും.

3.8 പരിസ്ഥിതിക്കുവേണ്ടിയുള്ള ഇടവക, രൂപതാ കമ്മീഷനുക

ളോടു ഞങ്ങൾ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: നമ്മുടെ ഇന്നത്തെ ജീവിതരീതിയിലുള്ള പുനരുപയോഗം സാധ്യമല്ലാത്ത ഭൂസ്രോതസ്സുകളുടെ അമിത ഉപയോഗവും ജലത്തിന്റെയും വായുവിന്റെയും മലിനീകരണവും ഭക്ഷണത്തിന്റെ പാഴാക്കലും വരുത്തിവെക്കുന്ന പാരിസ്ഥിതിക ഹാനിയെക്കുറിച്ച് അവർ ജനത്തെ ബോധവൽകരിക്കണം. എല്ലാവരിലും 'നമ്മുടെ പൊതുഭവനമായ ഭൂമി'യെക്കുറിച്ചുള്ള പ്രത്യേകമായ കരുതൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

3.9 പരസ്പരം സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവെച്ചുകൊണ്ട് സന്മനസ്സുള്ള എല്ലാ മനുഷ്യരോടും ചേർന്ന് നാം നമ്മുടെ യാത്ര തുടരും. മതാന്തരസംവാദവും അയൽ സമൂഹങ്ങളുമായുള്ള സൗഹൃദവും വഴി ഇതര വിശ്വാസങ്ങളിൽ ജീവിക്കുന്ന സഹോദരീസഹോദരന്മാരുമായി പാലങ്ങൾ പണിത് ജീവിക്കാൻ നാം സഭാംഗങ്ങളെ ബോധവൽകരിക്കും.

## II. നിർമിതബുദ്ധിയുടെ പ്രയോജനങ്ങളും വെല്ലുവിളികളും സംബന്ധിച്ച സഭയുടെ പ്രതികരണം

4) ഈ പൊതുസമ്മേളനത്തിൽ, നമ്മുടെ പ്രേഷിത ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ, നിർമിത ബുദ്ധിയുടെ പ്രയോജനങ്ങളെയും വെല്ലുവിളികളെയും സംബന്ധിച്ച ചർച്ച നടന്നു. നിർമിതബുദ്ധി ഉൾപ്പെടുന്ന ഡിജിറ്റൽ (digital) സാങ്കേതിക വിദ്യകൾ ദൈവിക ദാനങ്ങൾ ആണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു, 'ധൈര്യപൂർവ്വം നമുക്ക് ഡിജിറ്റൽ ലോകത്തിലെ പൗരരാകാം' (ലോക സാമൂഹ്യസമ്പർക്കദിന സന്ദേശം, 2024)

5) ആരോഗ്യപരിപാലനം, കൃഷി, വിദ്യാഭ്യാസവും ഗവേഷണവും, എൻജിനീയറിംഗ്, ഉല്ലാസ-വിശ്രമം, വ്യവസായവും സമ്പത്തും എന്നീ രംഗങ്ങളിൽ വളരെ വലിയ പ്രയോജനങ്ങളാണ് നിർമിതബുദ്ധി (AI) വാഗ്ദാനം ചെയ്യുന്നത്. അതേസമയം, നിർമിതബുദ്ധിയുടെ സിസ്റ്റങ്ങൾ ദുരുപയോഗിക്കപ്പെടാം: തെറ്റായ കരങ്ങളിൽ ഇതേ സാങ്കേതിക വിദ്യകൾതന്നെ വെറുപ്പ്, അക്രമം, കൗശലപൂർവമുള്ള സാമൂഹ്യ ആശ്രയഭ്രാന്ത് സൃഷ്ടിക്കൽ എന്നിവയ്ക്കുള്ള ഉപകരണങ്ങളായി ഉപയോഗപ്പെടുത്താവുന്നതാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ശേഖരിക്കപ്പെടുന്ന മാനുഷിക വിവരങ്ങളും (human data) നിർമിത ബുദ്ധിയും വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്വകാര്യത അട്ടിമറിക്കാനായി

ഉപയോഗപ്പെടുത്താം. എല്ലാ തൽപരകക്ഷികളെയും ബന്ധപ്പെട്ടു കൊണ്ട് നിർമിതബുദ്ധിയുടെ വികാസത്തെയും ഉപയോഗത്തെയും നിയന്ത്രിക്കാൻ സർക്കാരിനോട് CBCI ആവശ്യപ്പെടുന്നു; അങ്ങനെ ഏറ്റവും നല്ല സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ദുർവിനിയോഗസാധ്യതകൾ തടസ്സപ്പെടുത്തപ്പെടുകയും ചെയ്യട്ടെ.

6) സാമൂഹ്യവും സാംസ്കാരികവും ആയ വൈവിധ്യങ്ങളുടെ ലക്ഷണങ്ങളുള്ള മനുഷ്യരെ കേവലം ഒരുകൂട്ടം വിവരങ്ങളുടേയോ (mere data) കണക്കുകൂട്ടലുകളുടെയോ (algorithms) അടിസ്ഥാനത്തിൽ നിർവചിക്കാനാവില്ല. അതിനാൽ, ഞങ്ങൾ ഇപ്രകാരം ശുപാർശ ചെയ്യുന്നു:

6.1 ഓരോ രൂപതയിലെയും സമ്പർക്കമാധ്യമ ഓഫീസ് കൃത്യമായ പദ്ധതികൾ സഭാസമൂഹത്തിനു മുഴുവനുമായി ആസൂത്രണം ചെയ്യട്ടെ. കുട്ടികൾക്കും യുവാക്കൾക്കും കുടുംബങ്ങൾക്കും സമർപ്പിതർക്കും വൈദികർക്കും ഉത്തരവാദിത്വപൂർവമായ ഡിജിറ്റലിന്റെയും നിർമിതബുദ്ധിയുടെതും ആയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവബോധം നൽകട്ടെ; അങ്ങനെ അവർ കൗശലങ്ങളിൽ നിന്നും ദുർവിനിയോഗസാധ്യതകളിൽ നിന്നും രക്ഷിക്കപ്പെടട്ടെ. ഡിജിറ്റൽ ലോകത്തിലെ ഉത്തരവാദിത്തപ്പെട്ട പൗരരാകാൻ ധാർമിക ബോധത്തോടെയുള്ള നിർമിതബുദ്ധിയുടെ ഉപയോഗം ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

6.2 നമ്മുടെ രൂപതാ, പ്രാദേശിക തലങ്ങളിലെ സാമൂഹ്യസമ്പർക്കത്തിനുള്ള കമ്മീഷനുകളും യുവജന സംഘടനകളും ഇപ്പോൾ ലഭ്യമായിട്ടുള്ള നിർമിതബുദ്ധിയുടെ ഉപകരണങ്ങൾ ഫലപ്രദമായ വിശ്വാസരൂപവൽകരണത്തിനും സദ്വാർത്തയുടെ ക്രിയാത്മകമായ പങ്കുവയ്ക്കലിനും ഉപയുക്തമാംവിധം പ്രയോജനപ്പെടുത്തണം. നിർമിതബുദ്ധിയിൽ പ്രാവീണ്യമുള്ള യുവജനങ്ങൾ ഇക്കാര്യത്തിൽ സഹായിക്കണമെന്ന് ഞങ്ങൾ അഭ്യർഥിക്കുന്നു.

6.3 രൂപതകളും സന്യാസസമൂഹങ്ങളും അല്മായസംഘടനകളും നിർമിതബുദ്ധിയുടെ വിപ്ലവം വഴിയായി ലഭിക്കുന്ന അവസരങ്ങളെ ഉപയോഗപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കളെ പ്രാപ്തരാക്കട്ടെ.

7) സമഗ്രമാനവവികാസത്തിന്റെ പാത നീതിയും സമത്വവും സത്യവും സ്വാതന്ത്ര്യവും പൊതുനന്മയ്ക്കായി പ്രോത്സാഹിപ്പിക്കുന്ന

സാമൂഹ്യമായ ഇടപെടലുകളും ഉൾക്കൊണ്ടതാണെന്ന് ഇന്ത്യയിലെ കത്തോലിക്കാസഭ ശക്തമായി ആവർത്തിക്കുന്നു. ഇക്കാര്യത്തിൽ, നിർമിതബുദ്ധിക്ക് ഒരു പ്രയോജനപ്രദമായ ഉപകരണം ആയിത്തീരാൻ സാധിക്കും; പക്ഷേ, അതോടൊപ്പം അതു മാനുഷിക വ്യക്തിയുടെ സങ്കീർണ്ണതകളെയും ഔന്നത്യത്തെയും പവിത്രതയെയും മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

**ഉപസംഹാരം**

8) ഇന്ത്യയിലെ സഭ സിനഡാത്മക ചൈതന്യത്തിൽ പ്രത്യാശയുടെ തീർഥാടകരായി 2025-ലെ ജൂബിലിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം ക്രൈസ്തവർ എല്ലാ തലങ്ങളിലും-രാജ്യസംരക്ഷണസേനാതലം, വിദ്യാഭ്യാസവും സാക്ഷരതയും, ആരോഗ്യപരിപാലനം, സാമൂഹ്യസേവനം എന്നിവയിൽ - രാജ്യത്തെ പ്രതിജ്ഞാബദ്ധതയോടെ സേവിച്ചിട്ടുണ്ട്. രാഷ്ട്രത്തോടുള്ള നമ്മുടെ ശുശ്രൂഷ ധാരാളം സഹപൗരർ അംഗീകരിച്ചിട്ടുണ്ട്. രാജ്യസ്നേഹികളായ പൗരർ എന്ന നിലയ്ക്ക് എന്തുവിലകൊടുത്തും നമ്മൾ തുടർന്നും നമ്മുടെ രാജ്യത്തെ ശുശ്രൂഷിക്കും. അതു നമ്മുടെ ഗുരുവായ യേശുവിന്റെ പാത പിന്തുടരുന്നതിന്റെ ഭാഗമായിരിക്കും. അവിടന്നു പറഞ്ഞു: 'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. എന്തെന്നാൽ, ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഘോഷിക്കാനും അടിച്ചമർത്തപ്പെട്ടവരെ മോചനത്തിലേക്കു നയിക്കാനും കർത്താവിന്റെ പ്രസാദവത്സരം പ്രഘോഷിക്കാനും അവൻ എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ 4:18-19). നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഞങ്ങൾ പ്രാർഥിക്കുന്നു; ഈ രാജ്യം നമ്മുടെ മാതാവും പ്രത്യാശയുടെ താരവുമായ പരിശുദ്ധ കന്യകമറിയത്തിന്റെ കരങ്ങളിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു.

ആർച്ച്ബിഷപ്പ് അനിൽ കൂട്ടോ,
സെക്രട്ടറി ജനറൽ, CBCI

ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്,
പ്രസിഡന്റ്, CBCI

Bangalore,
7 February 2024

# രൂപതക്കച്ചേരി

**C.** *19/2024* **വിശുദ്ധ മൂറോൻ**

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച, (25.03.2024) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ചു ചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കം നടത്തുകയും അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. മൂറോൻ കൂദാശ നടത്തുകയും ചെയ്യുന്ന കാര്യം ഓർമ്മപ്പെടുത്തുകയാണ്. അന്നേദിവസം രാവിലെ 10.00 മണിക്ക് ധ്യാനചിന്തകളും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരത്തിനുള്ള അവസരവും ഉണ്ടായിരിക്കും. 11.15ന് ആഘോഷമായ ദിവ്യബലിയോടുകൂടെ വി. മൂറോൻ കൂദാശ നടത്തി തിരുക്കർമ്മങ്ങൾ സമാപിക്കുന്നതാണ്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ബഹു.വികാരിയച്ചന്മാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ അന്നുതന്നെ കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

*Bishop*

**C.** *20/2024* **അജപാലന സന്ദർശനം**

2024 മാർച്ച് 10 – വടകോട്

*Bishop*

**C.** *21/2024* **പ്രാർത്ഥനാദിനം**

ഭാരതത്തിൽ ക്രൈസ്തവർക്കും ക്രൈസ്തവ ദൈവാലയങ്ങൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നമ്മുടെ രാജ്യത്ത് സമാധാനവും ഐക്യവും പുലരാൻ ഭാരത മെത്രാൻ സമിതിയുടെ ആഹ്വാനത്തോട് ചേർന്ന് 2024 മാർച്ച് 22-ാം തീയതി, വെള്ളിയാഴ്ച നമ്മുടെ രൂപതയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിക്കുന്നു. അന്ന് എല്ലാ ദൈവാലയങ്ങളിലും ഒരു മണിക്കൂറെങ്കിലും ദിവ്യകാരുണ്യ ആരാധന നടത്തി ഈ നിയോഗത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് അറിയിക്കുന്നു. സാധിക്കുന്ന എല്ലാ വിശ്വാസികളും അന്ന് പരിശുദ്ധ

കുർബാനയിലും ദിവ്യകാരുണ്യ ആരാധനയിലും പങ്കെടുക്കാനും ഉപവസിച്ച് പ്രാർത്ഥിക്കാനും ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

*Bishop*

C. *22/2024* **Presbyterium**

The Plenary meeting of the Priests of the Eparchy will be held on Tuesday, April 23, 2024 from 10.00 am to 1.00 pm at NESTT. All are expected to participate without fail.

*Bishop*

C. *23/2024* **മ്ശംശാനൂസ പട്ട സ്വീകരണം**

നമ്മുടെ രൂപതയ്ക്ക് വേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ഹെവ്പ്പദയാക്ക്നമാരായ പാലയ്ക്കാമറ്റത്തിൽ ബ്രദർ ജോർജ്, കാരക്കുന്നേൽ ബ്രദർ ജോസഫ്, കുഞ്ചിറക്കാട്ട് ബ്രദർ ജോസഫ്, മാതേയ്ക്കൽ ബ്രദർ ജോർജ് എന്നിവർ 2024 മാർച്ച് 23-ാം തീയതി രാവിലെ 9.00-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും മ്ശംശാനൂസ പട്ടം സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Protosyncellus*

C. *24/2024* **നോമ്പുകാല പിരിവ്**

നോമ്പുകാലത്ത് നാം നടത്തുന്ന ത്യാഗപ്രവർത്തികൾ വഴി മിച്ചം വരുന്ന പണംകൊണ്ട് സഹോദരങ്ങളെ സഹായിക്കാൻ നമുക്കു സാധിക്കും. ആയതിനാൽ, ഈ വർഷത്തെ നോമ്പുകാല പിരിവായി നാം എടുക്കുന്ന, ഓശാന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയും സന്ന്യാസഭവനങ്ങളിലെ നോമ്പുകാല സംഭാവനകളും രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ആഗ്രഹിക്കുന്നത്. ബഹു. വികാരിയച്ചന്മാരും സന്ന്യാസസഭാധികാരികളും ഇപ്രകാരം ലഭിക്കുന്ന തുക ഏപ്രിൽ 15-നകം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയിൽ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

## C. *25/2024* **നാമഹേതുക തിരുനാൾ**

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ പിതാക്കന്മാർക്കും ബഹു. വൈദികർക്കും ആശംസകൾ അർപ്പിക്കുന്നതിനായി എല്ലാ വർഷവും ഏപ്രിൽ മാസം വൈദികസമ്മേളനം നടത്താറുണ്ടല്ലോ. ഈ വർഷത്തെ നാമഹേതുക തിരുനാളിന്റെ ആഘോഷവും വൈദികസമ്മേളനവും ഏപ്രിൽ 23, ചൊവ്വാഴ്ച 10.00-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നതാണ്. അന്നേദിനം അഭിവന്ദ്യ പിതാക്കന്മാർക്കും ബഹു. വൈദികർക്കും വേണ്ടി പ്രാർത്ഥിക്കുകയും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

*Protosyncellus*

## C. *26/2024* **സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് 2023-2024**

എപ്പാർക്കിയൽ അസംബ്ലിയുടെ നിർദ്ദേശപ്രകാരം, രൂപതയിലെ എല്ലാ സ്ഥാപനങ്ങളിലൂടെയും നടത്തുന്ന സാമൂഹ്യ സേവന പ്രവർത്തനങ്ങളുടെ 2023-2024 സാമ്പത്തിക വർഷത്തിലെ റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി, രൂപതയിലെ വിവിധ സ്ഥാപനങ്ങൾ, ഇടവകകൾ, സന്ന്യാസ സഭകൾ, വിൻസെന്റ് ഡി പോൾ പോലുള്ള ഭക്തസംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്ന്യാസസഭ നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം നേരിട്ട് നടത്തിയിട്ടുള്ള എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും സംക്ഷിപ്ത റിപ്പോർട്ട്, 2024 ഏപ്രിൽ മാസം 15-ാം തീയതിക്കകം കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. റിപ്പോർട്ട് തയ്യാറാക്കേണ്ട ഫോം മാർച്ച് മാസത്തിൽ അയച്ചുതരുന്നതാണ്.

*Syncellus*

## C. *272024* **തിരട്ടു ഫീസ്**

2023-2024 സാമ്പത്തിക വർഷത്തിലെ പുതുക്കി നിശ്ചയിച്ചതിൻ പ്രകാരമുള്ള തിരട്ടു ഫീസ് തുകകൾ A/c. Pay- ആയോ Cheque മുഖേനയോ താഴെക്കൊടുത്തിരിക്കുന്ന A/c. Headsൽ 2024 മാർച്ച് 20 ന് മുമ്പ് തന്നെ നിക്ഷേപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തിരട്ടു ഫീ

സ് ഓൺലൈനായാണ് കൈമാറ്റം നടത്തുന്നതെങ്കിൽ അതിന്റെ രേഖകൾ നിർബന്ധമായും രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കുകയും രസീതുകൾ കൈപ്പറ്റുകയും ചെയ്യേണ്ടതാണ്.

1. Favouring Bishop's House Kothamangalam - Thirattu Fee + Clergy Relief Fund.
2. Favouring Diocese of Kothamangalam - Contribution to the Diocese + Fee for the Publications.

*Finance Officer*

C. *28/2024* **മെഡിക്കൽ ബില്ലുകൾ**

ബഹുമാനപ്പെട്ട വൈദികരുടെ 2023-2024 സാമ്പത്തിക വർഷത്തിലെ മെഡിക്കൽ ബില്ലുകൾ, 2024 മാർച്ച് 15-നു മുമ്പ് രൂപത സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 2024 മാർച്ച് 15 മുതൽ 2024 മാർച്ച് 31 വരെയുള്ള മെഡിക്കൽ ബില്ലുകൾ, 2024 ഏപ്രിൽ 10-നു മുമ്പായും ഏൽപ്പിക്കേണ്ടതാണ്.

*Finance Officer*

*Pr. C. 2/2024* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on Tuesday, April 16, 2024 from 10.00 am to 4.00 pm at the Bishop's House. The members are cordially invited.

Topics to be included in the agenda may be sent to the secretary before April 06.

*Secretary*

*PC. 2/2024* **Meeting of the Pastoral Council**

The first meeting of the newly constituted Pastoral Council will be held on Saturday, April 20, 2024 from 10.00 am to 4.00 pm at NESTT, Muvattupuzha. The members are cordially invited.

*Secretary*

*JS. 3/2024* **മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാ

രക സ്കോളർഷിപ്പിലേക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേര് പറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2024-2025 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at the Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business/Banking Administration (Master's Degree only)

ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനു മുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.

2024 മെയ് 11-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം സെന്റ് ജോർജ് HSS -ലും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് HS -ലും വച്ചു നടത്തുന്ന പ്രവേശക പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേ സ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശക പരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശക പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII and General Knowledge

സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2024 മാർച്ച് 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുട്ടികൾ പരീക്ഷയ്ക്ക് വരുമ്പോൾ ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും ഇപ്പോൾ പന്ത്രണ്ടാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്നവർ പതിനൊന്നാം ക്ലാസ്സിലെ വേദപാഠത്തിന്റെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞവർ പന്ത്രണ്ടാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee

Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691, Tel : 0485-2862236

*Secretary*

# P.W.A.

*PWA. 3/2024* **വിഹിതം ഏല്പിക്കൽ**

ബഹുമാനപ്പെട്ട വൈദികർ സ്വന്തം പേരിലുള്ള PWAയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി, PWAയുടെ സ്ഥാപനവിഹിതവും വ്യക്തിഗതവിഹിതവും ചേർന്ന തുക (9120+9120 = 18240) വ്യക്തിഗതചെക്ക് (Personal Cheque) ആയും PWAയുടെ അനുദിന ചെലവിനായുള്ള തുക (₹150) പണമായും രൂപത സാമ്പത്തിക കാര്യാലയത്തിൽ 2024 മാർച്ച് 10-നു മുമ്പ് ഏൽപ്പിച്ച് രസീതുകൾ കൈപ്പറ്റേണ്ടതാണ്.

*PWA Secretary*

# Jeevajyoti Mission Utkela, Odisha

*OM 4 /2024* **സാമ്പത്തിക സഹായം**

ഉത്കല മിഷന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1. | Rev. Fr. Thomas Pothanamuzhi | ₹ 2,00,000 |
| 2. | Rev. Fr. Vincent Nedungatt | ₹ 20,000 |
| 3. | St Mother Theresa Syro Malabar Community, Antrim | ₹ 1,50,000 |
| 4. | FCC Provincial House, Muvattupuzha | ₹ 25,000 |
| 5. | FC Convent, Karimannoor | ₹ 5,000 |
| 6. | S D Convent, Anchiri | ₹ 3,000 |
| 7. | MCA College, Muvattupuzha | ₹ 20,000 |
| 8. | Nirmala Public School, Karimannoor | ₹ 2,000 |
| 9. | CML, Nadukkara | ₹ 500 |
| 10. | Tomy Pinakkattu | ₹ 25,000 |
| 11. | Joy Mundackal | ₹ 20,000 |
| 12. | Emin Madathikandam | ₹ 15000 |

| | | | |
|---|---|---|---|
| 13. | Jerin Jose Thuruthel | ₹ | 5,500 |
| 14. | Anmariya Mangalathukunnel | ₹ | 5,000 |
| 15. | Georgekutty Kadalikad | ₹ | 5,000 |
| 16. | Thresiamma Kallanickal | ₹ | 5,000 |
| 17. | Joby Kallarackal | ₹ | 3,000 |
| 18. | Kizhakedam Family | ₹ | 2,000 |

# മൈനർ സെമിനാരി

### *MS. 3/2024* വൈദികവിദ്യാർഥികളുടെ അവധിക്കാല ശുശ്രൂഷ

മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ വൈദിക വിദ്യാർത്ഥികളുടെ സേവനം ഏപ്രിൽ, മെയ് മാസങ്ങളിൽ ലഭിക്കാനാഗ്രഹിക്കുന്ന ബഹു. വികാരിയച്ചൻമാർ ബന്ധപ്പെടുമല്ലോ.

ഫാ. ജോസഫ് കുന്നുംപുറത്ത് (വൈസ് റെക്ടർ) 6238175832
ഫാ. മാത്യു രാമനാട്ട് 9446208212

### *MS 4 /2024* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1. | Mr Mathew V.T. Vattakuzhiyil, Muthalakodam | ₹ | 6,000 |
| 2. | Fr George Mundackal | ₹ | 100,000 |
| 3. | Mr Tyson Thomas | ₹ | 5,000 |
| 4. | Mr John Tharian Elanjickal, Pidavoor | ₹ | 20,000 |
| 5. | Mr Babu Mathew Mudakalil, Randar | ₹ | 100,000 |
| 6. | Mr Dony Augustine | ₹ | 1,280 |
| 7. | A Benefactor | ₹ | 10,000 |
| 8. | Mr Jerin Jose | ₹ | 5,300 |
| 9. | S.H. Novitiate House, Kothamangalam | ₹ | 8,000 |
| 10. | Mrs Tresa Mathew Thottathimyalil, Neyyassery | ₹ | 5,000 |
| 11. | Mr Francis Thomas Pichappillil, Kozhikode | ₹ | 3,000 |
| 12. | Fr Thomas Periappuram | ₹ | 100,000 |
| 13. | Dr Julian Johny Thottian | ₹ | 25,000 |
| 14. | A Benefactor | ₹ | 3,000 |
| 15. | Mr Jomon Chathamkandathil, Mathirappilly | ₹ | 1,000 |
| 16. | Mr Assim Mannathukkaran, Muvattupuzha | ₹ | 50,000 |
| 17. | A Benefactor | ₹ | 10,000 |

18. Mr Francis Kavumpuram, Karakunnam
    in memory of his son Bro. Jose ₹ 2,000
19. Mr Joy Chettiparambil, Neyyassery ₹ 25,000
20. Mr Jaison Dominic, Melbourne ₹ 70,000
21. Mr T.C. Raju Tharaniyil, Arikuzha ₹ 5,000

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 22/2024* **രണ്ടാം സെമസ്റ്റർ പരീക്ഷ: ഏപ്രിൽ 6 ശനി**

Std - I - IX - 09.00 am - 11.00 am
Std - X, XI, XII - 11.00 am - 1.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 5-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ മാർക്ക് website-ൽ enter ചെയ്ത് പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 17-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്ര ത്തിൽ ഏപ്രിൽ 17-ാം തീയതി മാത്രമേ എത്തിക്കാവൂ.)
4 സർട്ടിഫിക്കറ്റ് വിതരണം മെയ് 30 മുതൽ ജൂൺ 15 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

**രണ്ടാം സെമസ്റ്റർ പഠനഭാഗം**

**ക്ലാസ്സ് I - II**

വേദപാഠ പുസ്തകം - 50 മാർക്ക് (പാഠഭാഗങ്ങൾ 9-15)
ഉപപാഠപുസ്തകം - 20 മാർക്ക്
വി. കുർബാനയിലെ ഗീതങ്ങൾ - 20 മാർക്ക്

**ക്ലാസ്സ് III**

വേദപാഠ പുസ്തകം - 50 മാർക്ക് (പാഠഭാഗങ്ങൾ 9-15)
ഉപപാഠപുസ്തകം - 20 മാർക്ക്
വൈവ പരീക്ഷ - 20 മാർക്ക്

**ക്ലാസ്സ് IV - X**

| | | |
|---|---|---|
| വേദപാഠ പുസ്തകം | - | 40 മാർക്ക് (പാഠഭാഗങ്ങൾ 9-15) |
| ഉപപാഠപുസ്തകം | - | 20 മാർക്ക് |
| വൈവ പരീക്ഷ | - | 20 മാർക്ക് |
| ചെറിയവേദോപദേശം | - | 10 മാർക്ക് |

**ക്ലാസ്സ് XI - XII**

| | | |
|---|---|---|
| വേദപാഠ പുസ്തകം | - | 40 മാർക്ക് (പാഠഭാഗങ്ങൾ 7-12) |
| ഉപപാഠപുസ്തകം | - | 20 മാർക്ക് |
| വൈവ പരീക്ഷ | - | 20 മാർക്ക് |
| ചെറിയവേദോപദേശം | - | 10 മാർക്ക് |

*V. 23/2024* **SAY EXAM- X, XII**

| | | |
|---|---|---|
| **രജിസ്ട്രേഷൻ** | : | **2024 ഏപ്രിൽ 22 മുതൽ 24 വരെ.** |
| **പരീക്ഷ** | : | **ഏപ്രിൽ 28 ഞായർ** |
| സമയം | : | 11.00 am - 01.00 pm |

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ ഏപ്രിൽ 27-ാം തീയതി ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തി website-ൽ മാർക്ക് enter ചെയ്ത് പരീക്ഷാ പേപ്പറുകൾ മെയ് 4-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്.

*V. 24/2024* **സ്കോളർഷിപ്പ് പരീക്ഷ**

| | | |
|---|---|---|
| തീയതി | : | ഏപ്രിൽ 8 തിങ്കൾ |
| സമയം | : | 10.30 am - 12.30 pm |

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | Nirmala High School (State) |
| Vazhakulam | - | ITE Vazhakulam |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | SHGHS |
| Karimannoor | - | Holy Family LPS |
| Paingottoor | - | St. Joseph's HSS |

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ പഠനഭാഗങ്ങൾ താഴെ ചേർക്കുന്നു.

**Std - IV**

| | | |
|---|---|---|
| പാഠഭാഗം | Std. IV | 50% |
| | Std. I, II, III | 20% |
| | പൊതുവിജ്ഞാനം | 10% |
| | ഉപപാഠം IV | 20% |

**Std - VII**

| | | |
|---|---|---|
| പാഠഭാഗം | Std. VII | 50% |
| | Std. V, VI | 20% |
| | പൊതുവിജ്ഞാനം | 10% |
| | ഉപപാഠം VII | 20% |

**Std - X**

| | | |
|---|---|---|
| പാഠഭാഗം | Std. X | 50% |
| | Std. VIII, IX | 20% |
| | പൊതുവിജ്ഞാനം | 10% |
| | ഉപപാഠം X | 20% |

*V. 25/2024* **വിശ്വാസോത്സവം – ഏപ്രിൽ 1 – 4**

ഈ അദ്ധ്യയനവർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 4 വരെ നടത്തേണ്ടതാണ്. സമയം: രാവിലെ 9.30 മുതൽ 3.30 വരെ (6 മണിക്കൂർ).

*V. 26/2024* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 10-ാം തീയതി മുതൽ ആരംഭിക്കുന്നു. **വില 50 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചു എന്ന് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിനു വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തേ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

***NB:* 10000 രൂപയ്ക്ക് മുകളിൽ തുക വരുന്നവർ ചെക്ക് കൊണ്ടു വരേണ്ടതാണ്.**

*V. 27/2024* **ബലിയെൻ ബലം**

ഈ വർഷം വിശുദ്ധ കുർബാനയിൽ എല്ലാ ദിവസവും പങ്കെടുക്കു

ന്ന കുട്ടികളെ രൂപതാതലത്തിൽ ആദരിക്കുന്നു. അഭിവന്ദ്യ പിതാവിനോടൊപ്പം ആയിരിക്കാനും പിതാവിൽ നിന്ന് സമ്മാനം സ്വീകരിക്കാനും അവസരം ലഭിക്കുന്നു. 2023 ജൂൺ 4 മുതൽ 2024 ഏപ്രിൽ 7 വരെയുള്ള ദിവസങ്ങളിൽ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളെയാണ് ഇതിനു പരിഗണിക്കുക. ഇങ്ങനെയുള്ള കുട്ടികളുടെ പേരുകൾ വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ ഏപ്രിൽ 10-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

സമയം: ഏപ്രിൽ 13, ശനി 11.00 am. സ്ഥലം: ബിഷപ്സ് ഹൗസ്

*V. 28/2024* **വചന ഡയറി**

2023 ജൂൺ 4 മുതൽ 2024 മാർച്ച് 31 വരെയുള്ള ഓരോ ദിവസവും ഓരോ വചനം ഹൃദിസ്ഥമാക്കുകയും എഴുതി സൂക്ഷിക്കുകയും ചെയ്യുക.

**നിബന്ധനകൾ:**

- ബൈബിളിലെ 73 പുസ്തകങ്ങളിൽ നിന്നും വചനങ്ങൾ ഉണ്ടായിരിക്കണം.
- വചനത്തോടൊപ്പം ബൈബിളിലെ പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം, ഓരോ ദിവസത്തെ തീയതി എന്നിവ ഉണ്ടായിരിക്കണം.
- മൂന്നു വിഭാഗങ്ങളായി (ക്ലാസ്സ് 1-4, ക്ലാസ്സ് 5-8, ക്ലാസ്സ് 9-12) തിരിച്ചാണ് മത്സരം നടത്തുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് രൂപതാതല മത്സത്തിൽ പങ്കെടുക്കാം. (ഒരു ഇടവകയിൽ നിന്നും മൂന്ന് കുട്ടികൾ)
- പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം ഇവ ചോദിക്കുന്നു. കുട്ടികൾ വചനം പറയണം. ഈ രീതിയിലായിരിക്കും മത്സരം നടത്തുക
- ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും കുട്ടികൾ തയ്യാറാക്കിയ വചന ഡയറിയുമായി രൂപതാതല മത്സരത്തിന് വരേണ്ടതാണ്.

**ഇടവകതലം ഏപ്രിൽ 3, രുപതാതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ഏപ്രിൽ 6-ന് website-ൽ enter ചെയ്യേണ്ടതാണ്. മത്സരങ്ങൾ ഏപ്രിൽ 9-ന് കോതമംഗലം വിജ്ഞാനഭവനിൽ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.**

### *V.29/2024* ദിവ്യകാരുണ്യസ്വീകരണ ഒരുക്ക സഹായി

ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽനിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. **അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പിന്റെ ഫ്രെയിം ചെയ്ത ഫോട്ടോ**, ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർ ബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

### *Edn. 8/2024* School Maintenance Fund

| Date | School Name | Credit | Debit |
|---|---|---|---|
| 06/12/23 | Thalayanad | 9612 | |
| 07/12/23 | Muthalakodam SG HS | 18006 | |
| 06/12/23 | Chittoor | 23994 | |
| 08/12/23 | Thodupuzha UP | 31840 | |
| 22/01/24 | Thalayanad | 9612 | |
| 27/01/24 | Njarakkad | 18504 | |
| 27/01/24 | Kaliyar HS | 50318 | |
| 27/01/24 | Thazhavankunnu | 3088 | |
| 27/01/24 | Vazhakulam TTI | 20354 | |
| 29/01/24 | Alakode | 11644 | |
| 31/01/24 | Ezhalloor | 3374 | |
| 31/01/24 | Perumballoor | - | 200000 |
| 31/01/24 | Ayavana HS | 27768 | |
| 02/02/24 | Vazhithala HS | 26344 | |
| 02/02/24 | Vazhithala HS | - | 26344 |
| 03/02/24 | Chilav | 14046 | |
| 03/02/24 | Muvattupuzha | 20280 | |
| 03/02/24 | Kothamangalam HS | 51496 | |

| | | | |
|---|---|---|---|
| 09/02/24 | Karimannoor HSS | 48162 | |
| 09/02/24 | Karimannoor HSS | 14824 | |
| 09/02/24 | Kallanikkal HSS | 9072 | |
| 09/02/24 | Kallanikkal HS | 38936 | |
| 14/02/24 | Memadangu | 13004 | |
| 16/02/24 | Kaliyar LP | 17440 | |
| 16/02/24 | Kallanikkal UP | 23484 | |
| 16/02/24 | Muthalakodam SG HS | 18006 | |
| 17/02/24 | Nakapuzha | 36663 | |
| 17/02/24 | Kodikulam HS | 24474 | |
| 17/02/24 | Neyyasserry | 58438 | |
| 17/02/24 | Oonnukal LP | 22744 | |
| 17/02/24 | Paynkulam HS | 19940 | |
| 20/02/24 | Elamdesam | 3982 | |
| 20/02/24 | Thodupuzha UP | 15920 | |
| 21/02/24 | Karimannoor HS | 62828 | |
| 23/02/24 | Kothamangalam HSS | 87144 | |
| 23/02/24 | Nellimattom | 13960 | |
| 24/02/24 | Vazhithala HSS | 33445 | |
| 24/02/24 | Vazhithala HSS | - | 33445 |
| 24/02/24 | Thottakkara | 16953 | |

*Edn. 9/2024* **SSLC, Plus Two വാർഷിക പരീക്ഷകൾ**

SSLC, Plus Two വാർഷിക പരീക്ഷ ഈ മാസം നടക്കുകയാണല്ലോ. കുട്ടികളെ നന്നായി ഒരുക്കി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിന് അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാവർക്കും എല്ലാവിധ വിജയാശംസകളും പ്രാർത്ഥനകളും നേരുന്നു.

*Edn. 10/2024* **എഴുത്ത് പരീക്ഷ**

നമ്മുടെ സ്കൂളുകളിലേക്ക് അധ്യാപക തെരഞ്ഞെടുപ്പിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ എഴുത്ത് പരീക്ഷ മാർച്ച് മാസം 16, 23 തീയതികളിലായി നടത്തുന്നതായിരിക്കും. വിശദാംശങ്ങൾ കത്തു മുഖേന അറിയിക്കുന്നതാണ്.

*Edn. 11/2024* **പ്ലസ് ടു പൂർവ്വാദ്ധ്യാപകരുടെ സംഗമം**

നമ്മുടെ രൂപതയുടെ കീഴിലുള്ള ഹയർസെക്കൻഡറി സ്കൂളു

കൾ ആരംഭിച്ചിട്ട് 25 വർഷം പൂർത്തിയായിരിക്കുകയാണല്ലോ. ഇതോടനുബന്ധിച്ച് ഹയർസെക്കൻഡറി സ്കൂളുകളിൽ സേവനം ചെയ്തു സർവീസിൽ നിന്ന് വിരമിച്ചവരുടെയും ഇപ്പോൾ സേവനം ചെയ്യുന്നവരുടെയും ഒരു സംഗമം മാർച്ച് മാസം ഒമ്പതാം തീയതി ശനിയാഴ്ച നടത്തുന്നതാണ്.

*Secretary*

## നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.5 /2024* **2023 –24 ബാച്ച് ഫണ്ടമെന്റൽസ് ഫൈനൽ റിസൽറ്റ് പ്രഖ്യാപിച്ചു**

2023 ജൂൺ മാസത്തിൽ ഫണ്ടമെന്റൽസ് കോഴ്സിലേക്ക് അഡ്മിഷനു വേണ്ടിയുള്ള സ്കോളർഷിപ്പ് എക്സാം കോതമംഗലം രൂപതയിലെ 7 സ്കൂളുകളിലായി നടത്തുകയും, 284 കുട്ടികൾ പങ്കെടുത്ത എക്സാമിൽ നിന്ന് 100 പേരെ സെലക്റ്റ് ചെയ്ത് അതിൽ 44 കുട്ടികൾക്ക് സ്കോളർഷിപ് നൽകുകയും ചെയ്തു. ഒരു വർഷം നീണ്ടുനിന്ന ഫണ്ടമെന്റൽ കോഴ്സിൽ സിവിൽ സർവീസ് വിഷയങ്ങളായ വേൾഡ് ഹിസ്റ്ററി, വേൾഡ് ജോഗ്രഫി, പൊളിറ്റി, സയൻസ് ആൻഡ് ടെക്നോളജി തുടങ്ങിയ വിഷയങ്ങളും കൂടാതെ പേഴ്സണൽ/ഗ്രൂപ്പ് ആക്ടിവിറ്റികളും നടത്തി. ഫണ്ടമെന്റൽസ് കോഴ്സിന്റെ പ്രിലിംസ് എക്സാമിനേഷൻ, മെയിൻസ് എക്സാമിനേഷൻ, ഇന്റർവ്യൂ എന്നിവ 2024 ജനുവരി 26-ന് അക്കാദമിയിൽ വച്ചു നടന്നു. കോഴ്സിന്റെ ഫൈനൽ റാങ്ക് ലിസ്റ്റ് ഓരോ വിദ്യാർത്ഥിയുടെയും അക്കാദമിക് നിലവാരം, പ്രിലിമിനറി, മെയിൻസ് എക്സാമിനേഷൻ, ഇന്റർവ്യൂ, അറ്റന്റൻസ് എന്നിവയുടെ അടിസ്ഥാനത്തിലാണ്.

പരീക്ഷയിൽ റാങ്ക് നേടിയ കുട്ടികൾ

| | | |
|---|---|---|
| 1 | Alena J Kuruvithadam | - Nirmala Public School, Muvattupuzha |
| 2 | Aloke Abhilash | - St. George HSS, Kothamangalam |
| 3 | Devika K.S | - St. Sebastian's HS, Thodupuzha |
| 4 | Angelina Joby | - St. George HSS, Kothamangalam |
| 5 | Joel Ephrem Cebin | - Vimala Public School, Thodupuzha |
| 6 | Benjamin Jose | - St. Mary's HSS, Kaliyar |

| | | |
|---|---|---|
| 7 | Anees K.Y | - St. Joseph HSS, Karimannoor |
| 8 | Devana Anish | - Nirmala Public School, Muvattupuzha |
| 9 | Athira Udayakumar | - Dr. APJ Abdul Kalam School, Thodupuzha |
| 10 | Adwaidh V | - St. Joseph HSS, Karimannoor |

### *NiCSA. 6 /2024* സിവിൽ സർവീസ് പരിശീലനം

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന നിർമല സിവിൽ സർവീസ് അക്കാദമിയിൽ ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന ഫുൾടൈം സിവിൽ സർവീസ് പരിശീലനത്തിലേക്കും, കൂടാതെ ഡിഗ്രി/പി.ജി പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള 2 വർഷം നീണ്ടു നിൽക്കുന്ന വാരാന്ത്യ സിവിൽ സർവീസ് ഫൗണ്ടേഷൻ കോഴ്സിലേക്കുമുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

### *NiCSA. 7 /2024* PSC കോച്ചിംഗ് ക്ലാസ്സ്

PSC കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു. തിങ്കൾ മുതൽ വ്യാഴം വരെ വൈകിട്ട് 4 മുതൽ 5.30 വരെ റെഗുലർ ബാച്ച് ക്ലാസ്സും, വീക്കെൻഡ് ബാച്ച് എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുമായിരിക്കും ക്ലാസ്സ്. Contact No. 9496065457, 7907119072

*Administrator*

## സോഷ്യൽ സർവീസ്

### *SS. 13/2024* Diocesan Social Promoters (DSP) Meeting

ഫെബ്രുവരി 13-ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഡയോസിസൻ സോഷ്യൽ പ്രൊമോട്ടേഴ്സിന്റെ ആദ്യയോഗം നടന്നു. രൂപതയുടെയും രൂപതയിൽ സേവനം നടത്തുന്ന വിവിധ സന്യാസ സഭകളുടെയും സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ കൗൺസിലേഴ്സ് യോഗത്തിൽ പങ്കെടുത്തു. രൂപതയിൽ നടക്കുന്ന എല്ലാ സാമൂഹ്യസേവന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുക എന്നതായിരുന്നു ഈ യോഗത്തിന്റെ ലക്ഷ്യം. രൂപതയുടെയും സന്യാസഭവനങ്ങളുടെയും നേതൃത്വത്തിൽ നടത്തുന്ന സാമൂഹ്യസേവന പ്രവർത്തനങ്ങളെ പരിചയപ്പെടുകയും രൂപതക്കു

ള്ളിലുള്ള അർഹരായ എല്ലാവരിലേക്കും സാധിക്കുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിന് കൂട്ടായപ്രവർത്തനങ്ങളിലൂടെയും പരസ്പരം സഹ കരിച്ചും പ്രവർത്തിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് മോൺ. ഫ്രാൻസീസ് കീരംപാറ സ്വാഗതം പറ ഞ്ഞു. മോൺ. പയസ് മലേക്കണ്ടത്തിൽ ചർച്ചക്ക് നേതൃത്വം നൽകി. KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ വിഷയാവതരണം നട ത്തി. ഫാ. ജോസ് കുളത്തൂർ നന്ദി പറഞ്ഞു. യോഗത്തിൽ 9 സന്യാസ സമൂഹത്തിലെ സോഷ്യൽ വർക്ക് കൗൺസിലേഴ്സ് പങ്കെടുത്തു.

*SS. 14/2024* **ക്രെഡിറ്റ് യൂണിയൻ വിസിറ്റിംഗ്**

ക്രെഡിറ്റ് യൂണിയൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി യൂണിറ്റ് സന്ദർശനങ്ങൾ ആരംഭിച്ചു. മാതിരപ്പിള്ളി സെന്റ് സെബാസ്റ്റ്യൻസ് ക്രെഡിറ്റ് യൂണിയൻ KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, ഡയറക്ടർ ബോർഡ് അംഗം ഐപ്പ് ജോൺ കല്ലുങ്കൽ എന്നിവർ സന്ദർശിച്ചു.

*SS. 15/2024* **കാൻസർദിനാചരണം നടത്തി**

ലോക കാൻസർ ദിനാചരണത്തിന്റെ ഭാഗമായി കാൻസർ ദിനാ ചരണം നടത്തി. രാമല്ലൂർ നസ്രത്ത് ക്രെഡിറ്റ് യൂണിയനിൽ സംഘടി പ്പിച്ച യോഗം KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ ഉദ്ഘാ ടനം ചെയ്തു. കാൻസർ രോഗികൾക്ക് കിറ്റുകളും വിതരണം ചെയ്തു.

*SS. 16/2024* **CEP & ക്രെഡിറ്റ് യൂണിയൻ സെൻട്രൽ കമ്മിറ്റി യോഗം**

ക്രെഡിറ്റ് യൂണിയന്റെയും കമ്മ്യൂണിറ്റി എംപവർമെന്റ് പ്രോഗ്രാ മിന്റെയും സെൻട്രൽ കമ്മിറ്റിയുടെയും സംയുക്തയോഗം KSSS ഓഫീ സിൽ ചേർന്നു. KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ അദ്ധ്യ ക്ഷത വഹിച്ചു. എപ്പാർക്കിയൽ അസംബ്ലിയുടെ നിർദേശങ്ങളുടെ അടി സ്ഥാനത്തിൽ സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

*SS. 17/2024* **CEP – റീജിയണൽ യോഗം**

CEP -യുടെ തൊടുപുഴ റീജിയണൽ യോഗം തൊടുപുഴ ടൗൺ പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. എപ്പാർക്കിയൽ അസംബ്ലി നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ CEP വഴി നടപ്പിലാക്കേണ്ട പദ്ധ

തികൾക്ക് രൂപരേഖ തയ്യാറാക്കി. മൂവാറ്റുപുഴ റീജിയണൽ മീറ്റിംഗ് മാർച്ച് 3-ാം തീയതിയും കോതമംഗലം റീജിയണൽ മീറ്റിംഗ് മാർച്ച് 10-ാം തീയതിയും നടത്തും.

*SS. 18/2024* **ഭവന പുനരുദ്ധാരണത്തിന് അപേക്ഷകൾ സ്വീകരിച്ചു**

രൂപതയിലെ പൂർത്തിയാകാതെ കിടക്കുന്ന ഭവനങ്ങൾ പുനരുദ്ധരിക്കാൻ സാമ്പത്തിക സഹായം നൽകുന്നതിന് ഇടവകകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചു. ഈ പ്രൊജക്റ്റ് വഴി 100 കുടുംബങ്ങൾക്ക് 50000/- രൂപ വീതം സഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു.

*SS. 19/2024* **മെന്റലി ചലഞ്ചഡായിട്ടുള്ളവർക്ക് ധനസഹായം - അപേക്ഷകൾ സ്വീകരിച്ചു**

മെന്റലി ചലഞ്ചഡായിട്ടുള്ളവർക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ അത്തരം ഗുണഭോക്താക്കളിൽനിന്നും ഇടവകകൾ വഴി അപേക്ഷകൾ സ്വീകരിച്ചു. ഇത്തരം രോഗികളുടെ ജീവിതത്തിന് ഒരു കൈത്താങ്ങാവുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുക.

*Director*

# തിരുബാലസഖ്യം

*HC. 1/2024* **ആനിമേറ്റേഴ്സ് സംഗമം**

തിരുബാലസഖ്യം ആനിമേറ്റേഴ്സ് സംഗമം 2024 ഫെബ്രുവരി പത്താം തീയതി ശനിയാഴ്ച രാവിലെ 10.30 ന് രജിസ്ട്രേഷനോടുകൂടെ മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തി.

*HC. 2/2024* **പ്രവർത്തന വർഷ ഉദ്ഘാടനവും തിരുബാലസഖ്യ ദിനാഘോഷവും**

ഈ വർഷത്തെ തിരുബാലസഖ്യം പ്രവർത്തന വർഷ ഉദ്ഘാടനം ഫെബ്രുവരി പത്താം തീയതി ശനിയാഴ്ച രാവിലെ 11 മണിക്ക് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് കോതമംഗലം രൂപത വികാരി ജനറാൾ റവ. ഡോ. പയസ് മലേക്കണ്ടത്തിൽ

നിർവഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ തിരുബാലസഖ്യം രൂപത അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായ ബഹു. മാത്യു രാമനാട്ട് അച്ചനെ രൂപതാ കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. തിരുബാലസഖ്യദിന സമ്മേളനത്തിൽ രൂപതയിലെ എല്ലാ ശാഖകളിൽ നിന്നുമുള്ള ആനിമേറ്റേഴ്സും രണ്ട് ഭാരവാഹികളും പങ്കെടുത്തു. കൂടാതെ വിവിധ ഇടവകകളിൽ നിന്നുള്ള കുട്ടികളുടെ കലാവിരുന്ന് സമ്മേളനത്തിന് കൂടുതൽ ഉണർവേകി. വിവിധ കലാപരിപാടികൾ അവതരിപ്പിച്ച കുട്ടികളെ നന്ദിയോടെ ഓർക്കുന്നു.

തിരുബാലസഖ്യദിന ആഘോഷത്തിന്റെ സമാപനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ആനിമേറ്റേഴ്സിനും കുട്ടികൾക്കും സ്നേഹവിരുന്ന് നൽകി. സ്നേഹവിരുന്ന് നൽകിയ അഭിവന്ദ്യ പിതാവിന് പ്രത്യേകം നന്ദി പറയുന്നു.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 3/2024* **പരീക്ഷ ഒരുക്ക പ്രാർത്ഥന**

ചെറുപുഷ്പ മിഷൻലീഗിന്റെയും ഡിവൈൻ മേഴ്സി ഷ്റൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരി 10 ശനിയാഴ്ച തൊടുപുഴ ഡിവൈൻ മേഴ്സിയിൽ വച്ച് നടത്തപ്പെട്ട പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ (ഡിവൈൻ മേഴ്സി എയ്ഞ്ചൽസ് മീറ്റ്) ആയിരത്തിലധികം കുട്ടികൾ പങ്കെടുക്കുകയുണ്ടായി.

*CML 4/2024* **ക്രൈസ്റ്റ് റ്റീൻ, നവവൈദിക സംഗമം**

ദൈവവിളി ആഭിമുഖ്യമുള്ള കുട്ടികളുടെ കൂട്ടായ്മയായ ക്രൈസ്റ്റ് റ്റീൻ രൂപതാ തല സംഗമവും നവവൈദിക സംഗമവും ജനുവരി 26-ന് കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റവ. ഡോ. ജോസ് കുളത്തൂർ, സി. ആനി SABS, സി.ജോസിയ SD എന്നിവർ ക്രൈസ്റ്റ് റ്റീനിലെ കുട്ടികൾക്കായി ക്ലാസ്സുകൾ നയിച്ചു. അഭിവന്ദ്യ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. നവവൈദികരെ ആദരിക്കുകയും അവർ തങ്ങളുടെ ദൈവവിളി അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

*CML 4/2024* **മൂന്നാമത് ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം ഫെബ്രുവരി 25 ഞായറാഴ്ച നടത്തപ്പെട്ടു. രൂപതയിലെ എല്ലാ മേഖലകളിൽ നിന്നും ശാഖകളിൽ നിന്നുമായി ആയിരത്തിലധികം കുഞ്ഞുമിഷനറിമാർ പങ്കെടുത്തു.

*CML 5/2024* **ഡിജിറ്റൽ ഡീറ്റോക്സ് ചലഞ്ച്**

നോമ്പുകാലം കൂടുതൽ വിശുദ്ധവും പരിത്യാഗപൂർണ്ണവുമാക്കാൻ അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശാനുസരണം മിഷൻ ലീഗ് രൂപതാ കുടുംബം മുന്നോട്ട് വച്ച ആശയമാണ് ഡിജിറ്റൽ ഡീറ്റോക്സ് ചലഞ്ച്. നോമ്പിലെ വെള്ളിയാഴ്ചകളിൽ രാവിലെ 8.00 മുതൽ രാത്രി 8.00 വരെ ഇന്റർനെറ്റിന്റെ ഉപയോഗം ഒഴിവാക്കി മറ്റ് കാര്യങ്ങൾക്കായി സമയം വിനിയോഗിക്കുന്നു.

*CML 6/2024* **ക്രിസ്റ്റീൻ ധ്യാനം**

മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. 7, 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഏപ്രിൽ 15, 16, 17 തീയതികളിലും 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഏപ്രിൽ 22, 23, 24 തീയതികളിലുമായി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ധ്യാനം നടത്തപ്പെടുന്നു. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*Director*

# ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 8/2024* **രൂപത എക്സിക്യൂട്ടീവ്**

ഫെബ്രുവരി 13-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് യോഗം ചേർന്നു. ഇടവക സമിതികൾ പൂർണ്ണ സജ്ജമാക്കി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ തീരുമാനിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ പ്രവർത്തനപരിപാടികൾ വിശദീകരിച്ചു.

*FA 9/2024* **ദ്വിദിന ശില്പശാല**

ഫെബ്രുവരി 1, 2 തീയതികളിൽ ചങ്ങനാശ്ശേരി കാനാ ജോൺ

പോൾ രണ്ടാമൻ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും ഉള്ള ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികൾക്കായി ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നവീകരണത്തെക്കുറിച്ച് നടത്തിയ ദ്വിദിന ശില്പശാലയിൽ രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ് കൊളബേൽ, ട്രഷറർ ലോറൻസ് അബ്രാഹം ഏനാനിക്കൽ എന്നിവർ പങ്കെടുത്തു.

*FA 10/2024* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

| | | |
|---|---|---|
| മാർച്ച് | 14 –16 | |
| ഏപ്രിൽ | 4 – 6, | 18 – 20 |

*Director*

## പ്രോലൈഫ്

*PL 4/2024* **മാജിക് ഷോ**

ഫെബ്രുവരി 9-ന് കോടിക്കുളം ഇടവകയിൽ നടന്നു.

*Director*

## പിതൃവേദി

*PV 7/2024* **ഒഡീഷാ മിഷനു സഹായം**

ഒഡീഷയിലെ അതി ദരിദ്രമായ Tala Dantalingi എന്ന വില്ലേജിലെ വിശ്വാസികളുടെ അഭ്യർത്ഥന പ്രകാരം രൂപതാ പിതൃവേദിയുടെ താല്പര്യമനുസരിച്ച്, മുതലക്കോടം വികാരി ബഹു. ജോർജ് താനത്തുപറമ്പിൽ അച്ചന്റെ നിർദ്ദേശമനുസരിച്ച് മുതലക്കോടം ഇടവകയിൽ നിന്നു ശേഖരിച്ച 1232 kg. നല്ല വസ്ത്രങ്ങൾ പിതൃവേദി അംഗങ്ങൾ പായ്ക്ക് ചെയ്ത് ട്രെയിൻ മാർഗ്ഗം അയച്ചു കൊടുത്തു. റെയിൽവേ സ്റ്റേഷനിൽ നിന്നും വില്ലേജിലേക്ക് കൊണ്ടുപോകാനുള്ള ചെലവും ഇടവവകയിൽ നിന്നുതന്നെ വഹിച്ചു. അവിടെ 1100 കുടുംബങ്ങൾക്ക് വളരെ പ്രയോജനപ്പെട്ടതായി അറിയിച്ചു.

*PV 8/2024* **ഫൊറോന മീറ്റിംഗ്**

മുതലക്കോടം ഫൊറോനയിൽപ്പെട്ട പിതൃവേദി നിലവിലുള്ള

മുതലക്കോടം, വാഴക്കാല, പാറപ്പുഴ  എന്നീ ഇടവകകളിലെ കമ്മിറ്റി അംഗങ്ങളുടെ യോഗം ഫെബ്രുവരി നാലാം തീയതി 4.15 pm-ന് മുതലക്കോടം ഇടവകയിൽ വച്ചു ചേർന്നു. ഫൊറോനാ വികാരി ബഹു. ജോർജ് താനത്തുപറമ്പിൽ അച്ചനും, രൂപതാ ഡയറക്ടർ ബഹു. ജോസ് കിഴക്കേയിൽ അച്ചനും രൂപതാ പ്രസിഡന്റ് പ്രൊഫ. ജോസ് എബ്രാഹം, വൈസ് പ്രസിഡന്റ് ശ്രീ. ധേബാർ ജോസഫ്, സെക്രട്ടറി ശ്രീ. ജിജി പോൾ എന്നിവരും പിതൃവേദിയുടെ പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു. വാഴക്കാല ഇടവകയിലെ ശക്തമായ പ്രവർത്തനങ്ങളുടെ റിപ്പോർട്ടും അവതരിപ്പിക്കപ്പെട്ടു. അതിനു ശേഷം ഫൊറോനാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പു നടത്തി.

*Director*

## മാതൃവേദി

*MV 5/2024* **രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി**

09-02-24- ൽ മാതൃവേദി രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി. പ്രസിഡന്റ് മിനി ജോസ് ആധ്യക്ഷ്യം വഹിച്ച യോഗത്തിൽ  ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി യോഗം, വുമൺസ് ഡേ, വിവാഹ സഹായനിധി ശേഖരണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തി. രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ എല്ലാ അംഗങ്ങളുടെയും സജീവ സാന്നിധ്യം ഉണ്ടായിരുന്നു. ഗ്ലോബൽ മാതൃവേദി ജനറൽ ബോഡിയിൽ കമ്മിറ്റി അംഗങ്ങൾ എല്ലാവരും പങ്കെടുക്കുവാൻ തീരുമാനിച്ചു.

*MV 6/2024* **വുമൺസ് ഡേ**

മാർച്ച്  8-ാം തീയതി 'വുമൺസ് ഡേ' സമുചിതം ആഘോഷിക്കുവാൻ തീരുമാനിച്ചു. ഓരോ യൂണിറ്റിൽ നിന്നും ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി, ഫൊറോന ഭാരവാഹികൾ എന്നിവർക്കാണ് വനിതാദിനാഘോഷത്തിൽ പങ്കെടുക്കുവാൻ അവസരം. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് വനിതാദിനാഘോഷങ്ങൾക്ക് തിരി തെളിക്കുന്ന യോഗത്തിൽ വനിതാദിന സന്ദേശം നൽകുന്നത് ന്യൂമാൻ കോളേജ് പ്രിൻസിപ്പൽ Dr. ബിജിമോൾ തോമസ് ആണ്.

തദവസരത്തിൽ മാതൃവേദി രൂപതാതല മത്സരങ്ങളിൽ സമ്മാനാർഹരായവർക്ക് പുരസ്കാരങ്ങൾ നൽകുന്നതായിരിക്കും.

Venue: നിർമല ഹയർ സെക്കന്ററി സ്കൂൾ at 10.30 am.

*Director*

# യൂദിത്ത് മിനിസ്ട്രി

*JM 4/2024* **രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി**

6-2-24-ൽ രൂപതാ പ്രസിഡന്റ് മിനി ജോൺസന്റെ അദ്ധ്യക്ഷതയിൽ രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി കൂടുകയുണ്ടായി. കമ്മിറ്റിയിൽ ഫൊറാനാ മീറ്റിംഗ്, വൺഡേ ടൂർ പ്രോഗ്രാം, നോമ്പുകാലത്തെ ഏകദിന കൺവെൻഷൻ, കെ.സി.ബി.സി ജനറൽ ബോഡി മീറ്റിംഗ് എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തി. കമ്മിറ്റിയിൽ രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ, ആനിമേറ്റർ സിസ്റ്റർ എന്നിവർ പങ്കെടുത്തു. മാർച്ച് 9-ന് KCBC യിൽ ജനറൽ ബോഡിയ്ക്കായി രൂപതാ ഡയറക്ടറും മറ്റ് കമ്മിറ്റി അംഗങ്ങളും പോകുവാൻ തീരുമാനിച്ചു. നോമ്പുകാലത്തോടനുബന്ധിച്ച് മുതലക്കോടത്ത് ഏകദിന കൺവെൻഷൻ നടത്താനും തീരുമാനിച്ചു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 7/2024* **രൂപത എക്സിക്യൂട്ടീവ്**

13-02-2024-ൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് DFC കോതമംഗലം രൂപത എക്സിക്യൂട്ടീവ് സമിതി യോഗം ചേർന്നു. മാർച്ച് 31-നകം ഫൊറോന കൺവെൻഷനുകൾ പൂർത്തിയാക്കാൻ തീരുമാനിച്ചു. രൂപത ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കേയിൽ മാർഗ്ഗനിർദേശങ്ങൾ നല്കി.

*DFC 8/2024* **ഡ്രീം ലൈൻ പ്രോജക്റ്റ്**

പുന്നമറ്റം സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ ഡ്രീം ലൈൻ പ്രോജക്റ്റ് നടത്തി. ഇതിന് സഹകരിച്ച വികാരി ഫാ. മാത്യു തോട്ട

ത്തിമ്യാലിൽ, കൈക്കാരൻമാർ, DFC ഭാരവാഹികൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, മറ്റ് സംഘടനാപ്രവർത്തകർ എന്നിവർക്ക് DFC കോതമംഗലം രൂപത സമിതിയുടെ നന്ദിയും കൃതജ്ഞതയും നേരുന്നു.

*Co-ordinator*

# യുവദീപ്തി- K.C.Y.M.

*YD 15/2024* **യുവജന വർഷാരംഭവും മുൻ ഭാരവാഹി സംഗമവും**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ രൂപതാതല യുവജന വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും 1991 മുതലുള്ള രൂപത മുൻകാല ഭാരവാഹികളുടെ സംഗമവും We@33 എന്ന പേരിൽ 2024 ജനുവരി 26 വെള്ളിയാഴ്ച്ച വൈകിട്ട് 4 മണി മുതൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തപ്പെട്ടു. കോതമംഗലം രൂപത പ്രസിഡന്റ് ശ്രീ. ജെറിൻ വർഗീസ് യോഗത്തിന് അധ്യക്ഷത വഹിച്ചു.

33 വർഷത്തെ മുൻകാല രൂപത ഭാരവാഹികളുടെ സാന്നിധ്യത്തിൽ 2024 യുവജന വർഷത്തിന് കോതമംഗലം രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ തിരി തെളിയിച്ചു. കോതമംഗലം രൂപത മുൻ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ മുൻകാല ഭാരവാഹി സംഗമം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ ആമുഖപ്രഭാഷണം നടത്തി. കോതമംഗലം രൂപത യുവജന പ്രസ്ഥാനത്തിന്റെ പ്രഥമ ഡയറക്ടർ റവ. ഫാ. മാത്യു തോട്ടത്തിമാലിൽ, രൂപത ആനിമേറ്റർ റവ. സി. സ്റ്റെല്ല SABS എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. രൂപത ജനറൽ സെക്രട്ടറി ഹെൽഗ കെ. ഷിബു സ്വാഗതം ആശംസിച്ചു. രൂപത സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ. പോൾ സേവ്യർ യോഗത്തിന് നന്ദിയർപ്പിച്ചു. രൂപത അസി. ഡയറക്ടർ റവ. ഫാ. ജോർജ് പീച്ചാനികുന്നേൽ, മുൻ രൂപത ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, മുൻ ഭാരവാഹികൾ, നിലവിലെ രൂപത ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

മുൻ ഭാരവാഹി സംഗമം നടത്തുന്നതിനായി നിർമ്മല കോളേജ് വിട്ടു നൽകിയ കോളേജ് പ്രിൻസിപ്പലിനും സഹകരിച്ച മൂവാറ്റുപുഴ ഫൊറോനയ്ക്കും ആനിക്കാട് യൂണിറ്റിനും രൂപത യുവജന പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### *YD 16/2024* പ്രഥമ യുവോത്സവ് ക്രിക്കറ്റ് ടൂർണമെന്റ്

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ പ്രഥമ ദീപിക എവർ റോളിംഗ് ട്രോഫി യുവോത്സവ് ക്രിക്കറ്റ് ടൂർണമെന്റ് 3 ദിവസങ്ങളിലായി മൂവാറ്റുപുഴ നിർമ്മല കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ടു. സമാപന സമ്മേളനത്തിന് കോതമംഗലം രൂപത പ്രസിഡന്റ് ശ്രീ. ജെറിൻ മംഗലത്തുകുന്നേൽ അധ്യക്ഷത വഹിച്ചു. ദീപിക ജനറൽ മാനേജർ റവ. ഫാ. ജിനോ പുന്നമറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ, ചെറുപുഷ്പ മിഷൻലീഗ് അസി. ഡയറക്ടർ റവ. ഫാ. മാത്യു രാമനാട്ട് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

പ്രഥമ യുവോത്സവ് ക്രിക്കറ്റ് ടൂർണമെന്റിൽ മൈലക്കൊമ്പ് യൂണിറ്റ് ഒന്നാം സ്ഥാനവും നെടിയകാട് യൂണിറ്റ് രണ്ടാം സ്ഥാനവും വാഴക്കുളം യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായവർക്ക് രൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

രൂപത വൈസ് പ്രസിഡന്റ് സച്ചു ജെ. ഷെല്ലി, രൂപത ജനറൽ സെക്രട്ടറി ഹെൽഗ കെ. ഷിബു, രൂപത സെക്രട്ടറി അനു ബേബി, ഡിയ ഡായി, രൂപത ട്രഷറർ സാവിയോ ജിജി, സംസ്ഥാന സെനറ്റ് അംഗം ഡോണ സാബു എന്നിവർ സന്നിഹിതരായിരുന്നു.

ക്രിക്കറ്റ് ടൂർണമെന്റ് നടത്തുന്നതിനായി നിർമ്മല കോളേജ് വിട്ടു നൽകിയ കോളേജ് പ്രിൻസിപ്പലിനും ടൂർണമെന്റ് നിയന്ത്രിച്ച റെഫറിമാർക്കും നേതൃത്വം നൽകിയ രൂപത ഭാരവാഹികൾക്കും പങ്കെടുത്ത എല്ലാ പ്രിയ യുവജനസുഹൃത്തുക്കൾക്കും രൂപത യുവജനപ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

### *YD 17/2024* സംസ്ഥാനതല ചലച്ചിത്ര റിവ്യൂ മത്സരം

ഫെയ്സ് ഓഫ് ദി ഫെയ്സ്‌ലെസ് എന്ന വാഴ്ത്തപ്പെട്ട സി. റാണി മരിയയുടെ ത്യാഗോജ്ജ്വലമായ ജീവിതം തുറന്നു കാണിക്കുന്ന ചലച്ചിത്രത്തിന്റെ പ്രൊമോഷന്റെ ഭാഗമായി കെ.സി.വൈ.എം സംസ്ഥാ

ന സമിതിയും ചിത്രത്തിന്റെ അണിയറ പ്രവർത്തകരും സംയുക്തമായി നടത്തിയ റിവ്യൂ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കലയന്താനി ഇടവകാംഗം കെവിൻ ജോസഫിനും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഉടുമ്പന്നൂർ ഇടവകാംഗം ആൻമേരി സി. ക്കും കോതമംഗലം രൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

*YD 18/2024* **സംസ്ഥാനതല പ്രസംഗമത്സരം**

ഇന്ത്യയുടെ റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ഭാഗമായി കെ.സി.വൈ.എം. ഇരിങ്ങാലക്കുട രൂപതയുടെ നേതൃത്വത്തിൽ Republica Rostrum എന്ന പേരിൽ നടത്തപ്പെട്ട പ്രസംഗ മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കരിമണ്ണൂർ ഇടവകാംഗം കുമാരി മരിയ ജോക്ക് കോതമംഗലം രൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

*YD 19/2024* **ആരക്കുഴ മലേക്കുരിശു തീർത്ഥാടനം**

വലിയ നോമ്പിന്റെ ത്യാഗ സ്മരണകളുണർത്തി കോതമംഗലം രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ആരക്കുഴ മലേക്കുരിശു തീർത്ഥാടനത്തിൽ രൂപതയിലെ യുവജനങ്ങൾ പങ്കെടുത്തു.

*YD 20/2024* **സംസ്ഥാന വാർഷിക സെനറ്റ്**

കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ നടത്തപ്പെട്ട 46-ാമത് കെ.സി.വൈ.എം സംസ്ഥാന വാർഷിക സെനറ്റിൽ രൂപതയിലെ സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ പങ്കെടുക്കുകയും യുവദീപ്തി- കെ.സി.വൈ.എം കോതമംഗലം രൂപത റിപ്പോർട്ട് അവതരിപ്പിച്ച് അംഗീകാരം നേടുകയും ചെയ്തു.

*YD 21/2024* **അഭിനന്ദനങ്ങൾ**

കെ.സി.വൈ.എം യുവജന പ്രസ്ഥാനത്തിന്റെ 2024 പ്രവർത്തന വർഷത്തെ സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മുതലക്കോടം ഇടവകാംഗം അനു ഫ്രാൻസിസിന് അഭിനന്ദനങ്ങൾ.

*YD 22/2024* **പള്ളിമുറ്റം**

ഇടവകയിലെ യുവജനങ്ങളുമായി സംവദിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പള്ളിമുറ്റം-ഇടവകയിൽ ഒരു സായാഹ്നകൂട്ടായ്മ ഫെബ്രുവരി 3 ഞായറാഴ്ച്ച ഞാറക്കാട് യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു.

*Director*

# ജീസസ് യൂത്ത്

## *JY 12/2024* CPG, HOUSEHOLD & The Seraphic Stage Zonal Night Vigil

**Sub-Zone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ, സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ, സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ
മൂവാറ്റുപുഴ : വ്യാഴാഴ്ചകളിൽ, സെന്റ് അഗസ്റ്റിൻസ് സ്കൂൾ, മൂവാറ്റുപുഴ

മാർച്ച് മാസത്തെ തൊടുപുഴ സബ് സോണിന്റെ ഹൗസ്ഹോൾഡ് കൂട്ടായ്മ 3-ാം തീയതി ഞായറാഴ്ച സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ചു നടത്തപ്പെടുന്നു. മാർച്ച് മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 15-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

## *JY 13/2024* Kerala Evaluation Meeting

കേരളത്തിലെ ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ നേതൃത്വനിരയിലുള്ള എല്ലാ സോണൽ കൗൺസിൽ ടീം മെമ്പേഴ്സും, സെൻട്രൽ മിനിസ്ട്രി ടീം മെമ്പേഴ്സും ഒരുമിച്ച് വരുന്ന Kerala evaluation meeting 2024 മാർച്ച് 7-ാം തീയതി മുതൽ 10-ാം തീയതി വരെ മൂവാറ്റുപുഴ NESTT-ൽ വച്ച് കേരള ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

*Animator*

# കത്തോലിക്കാ കോൺഗ്രസ്

## *CC3/2024* മാങ്കുളത്ത് സമര പ്രഖ്യാപന കൺവൻഷനിൽ പങ്കെടുത്ത് ഐക്യദാർഢ്യം രേഖപ്പെടുത്തി

വന്യമൃഗ ആക്രമണങ്ങൾക്ക് ശാശ്വത പരിഹാരം കാണുക, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ജനദ്രോഹ നടപടികൾ അവസാനിപ്പിക്കുക, ആലുവ മൂന്നാർ രാജപാത തുറന്നു നൽകുക, തുടങ്ങി അടിയന്തര പ്രാധാന്യമുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 17.02.2024

ശനിയാഴ്ച മാങ്കുളം ജനകീയ സമിതി നടത്തിയ സമര പ്രഖ്യാപന കൺവൻഷനിൽ കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതി ഡയറക്ടർ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട്, രൂപത പ്രസിഡന്റ് ജോസ് പുതിയടം, ഫൊറോന ഭാരവാഹികളായ സിജോ മാഞ്ചേരിൽ, അലോഷ്യസ് അറയ്ക്കൽ, തങ്കച്ചൻ കുന്നത്ത് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം പങ്കെടുത്ത് ഐക്യദാർഢ്യം രേഖപ്പെടുത്തി. അതിജീവനത്തിനായുള്ള ഈ ജനകീയ പ്രക്ഷോഭം വിജയിപ്പിക്കുന്നതിന് ജാതി മത വർണ്ണ വ്യത്യാസമില്ലാതെ ഒത്തൊരുമയോടു കൂടെ പ്രവർത്തിക്കണമെന്ന് കൺവൻഷനിൽ സന്ദേശം നൽകിക്കൊണ്ട് റവ. ഡോ. മാനുവൽ പിച്ചളക്കാട്ട് ആഹ്വാനം ചെയ്തു.

## *CC4/2024* മെമ്പർഷിപ്പ് വിതരണ ക്യാമ്പയിൻ കോതമംഗലം രൂപതാതല ഉദ്ഘാടനം

മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് മെമ്പർഷിപ്പ് വിതരണ ക്യാമ്പയിന്റെ കോതമംഗലം രൂപത തല ഉദ്ഘാടന കർമ്മം അഭിവന്ദ്യ ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ നിർവഹിച്ചു. ജനങ്ങളുടെ വോട്ട് നേടി വിജയിച്ച ജനപ്രതിനിധികൾ മൃഗങ്ങൾക്കു വേണ്ടിയല്ല ജനങ്ങൾക്ക് വേണ്ടിയാണ് നില കൊള്ളേണ്ടത് എന്നും മലയോര കർഷകന്റെ ആകുലതകൾ അവസാനിപ്പിക്കുന്നതിന് സത്വര നടപടികൾ സർക്കാരുകളുടെ ഭാഗത്തു നിന്നും ഉണ്ടാകണമെന്നും ജനങ്ങളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥരെ നിലയ്ക്കു നിർത്തുന്നതിന് സർക്കാരുകൾ ആർജവം കാണിക്കണമെന്നും അഭിവന്ദ്യ പിതാവ് ഉദ്ഘാടന സന്ദേശത്തിൽ ആവശ്യപ്പെട്ടു.

രൂപത പ്രസിഡന്റ് ജോസ് പുതിയടം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഡോ. മാനുവൽ പിച്ചളക്കാട്ട് ആമുഖ പ്രഭാഷണവും ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയുന്നിലം മുഖ്യ പ്രഭാഷണവും നടത്തി. രൂപത ട്രഷറർ ജോയി പോൾ, ഭാരവാഹികളായ ഡോ. ജോസുകുട്ടി ഒഴുകയിൽ, ഐപ്പച്ചൻ തടിക്കാട്ട്, അഡ്വ. ജോസ് ഇലഞ്ഞിക്കൽ, ശ്രീമതി സീന സാജു, ശ്രീമതി സിൽവി ടോം, മോൻസി മങ്ങാട്ട് തുടങ്ങിയവർ സംസാരിച്ചു.

വന്യമൃഗ ശല്യങ്ങൾക്ക് ശാശ്വത പരിഹാര നടപടികൾ സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ജനങ്ങളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥരെ നിലയ്ക്കു നിർത്തണമെന്നും ആവശ്യപ്പെട്ടുകൊ

ണ്ടുമുള്ള പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

രൂപതയിലെ എല്ലാ ഭവനങ്ങളിൽ നിന്നും പതിനെട്ട് വയസിനു മുകളിലുള്ള സ്ത്രീ പുരുഷ ഭേദമെന്യേ ഒരാളെ എങ്കിലും കത്തോലിക്ക കോൺഗ്രസിന്റെ അംഗമാക്കണമെന്ന് യോഗത്തിൽ ആവശ്യമുയർന്നു. മെമ്പർഷിപ്പ് ക്യാമ്പയിൻ വിജയകരമാക്കുന്നതിന് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു തരുന്ന അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനോടും ജനറാൾ അച്ചൻമാരോടും ചാൻസലർ അച്ചനോടും ഫൊറോന ഡയറക്ടർ അച്ചന്മാരോടും ഇടവക ഡയറക്ടർ അച്ചന്മാരോടും മറ്റ് എല്ലാ അച്ചന്മാരോടും സമുദായ സംഘടനാ ഭാരവാഹികളോടും പ്രവർത്തകരോടും ഉള്ള നന്ദിയും കടപ്പാടും യോഗത്തിൽ രേഖപ്പെടുത്തി.

*Director*

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 8/2024* **പ്രവർത്തനങ്ങൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, നെടിയകാട് ലിറ്റിൽ ഫ്ളവർ കോൺഫറൻസിന്റെ ഇടവകയിൽ എല്ലാവർക്കും വീട് എന്ന ‘സ്വപ്ന വീട്’ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വെള്ളരിങ്ങാട്ട് കുടുംബവും, നെടിയകാട് ലിറ്റിൽ ഫ്ളവർ കോൺഫറൻസും സംയുക്തമായി പൂർത്തിയാക്കിയ 5 വീടുകളുടെ താക്കോൽ ദാനം 2024 ജനുവരി 25 വ്യാഴാഴ്ച്ച കോതമംഗലം രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. ആത്മീയോപദേഷ്ടാവ് റവ. ഫാ. തോമസ് പൂവത്തിങ്കൽ, സിസി, ഏസി, കോൺ. ഭാരവാഹികൾ, കോൺഫറൻസ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നാഷണൽ കൗൺസിൽ നിയമാവലി അടിസ്ഥാനമാക്കി ദേശീയ തലത്തിൽ നടത്തിയ ഓൺലൈൻ ക്വിസ് മത്സരത്തിൽ കോതമംഗലം സെൻട്രൽ കൗൺസിൽ വനിതാ പ്രധിനിധി സി. ലൂസി ജോളി വടക്കുംപറമ്പിൽ ഒന്നാം

സ്ഥാനം നേടി. ജനുവരി 27, 28 തിയതികളിൽ ബാംഗ്ലൂരിൽ നടന്ന SSVP വനിതാ സെമിനാറിൽ വച്ച് നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്ര. Z.R ജൂഡ് S മംഗൾ രാജ് -ൽ നിന്നും സി. ലൂസി സമ്മാനം ഏറ്റുവാങ്ങി.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കുളപ്പുറം കോൺഫറൻസ് 40000/ രൂപ ചെലവിൽ കുളപ്പുറം ജീവകാരുണ്യഭവനു വേണ്ടി വാങ്ങിയ ഇൻസിനേറ്റർ ആത്മീയോപദേഷ്ടാവ് ഫാ. പോൾ വിലങ്ങുപാറ, സിസ്റ്റേഴ്സിനു കൈമാറി.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മൂവാറ്റുപുഴ AC യുടെ നേതൃത്വത്തിൽ പഴമ്പിള്ളിച്ചാൽ ഇടവകയിലെ ഒരു കുടുംബത്തിന് നിർമ്മിച്ചു നൽകുന്ന വീടിന്റെ കല്ലിടീൽ ഫെബ്രുവരി 11 വ്യാഴാഴ്ച്ച, ആത്മീയോപദേഷ്ടാവ്, റവ. ഫാ. ജോസഫ് കുന്നുംപുറത്ത് നിർവഹിച്ചു

*Director*

---

# കേരള ലേബർ മൂവ്മെന്റ്

---

### *KLM 6/2024* **KLM ആന്തം മത്സരം**

കേരള ലേബർ മൂവ്മെന്റ് രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 12 ചൊവ്വാഴ്ച രാവിലെ 10 മുതൽ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് KLM ആന്തം മത്സരം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്ന യൂണിറ്റുകൾ മാർച്ച് 5-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിലുള്ള ലേബർ ഫെസിലിറ്റേഷൻ സെന്ററുമായി ബന്ധപ്പെടേണ്ടതാണ്.

### *KLM 7/2024* **ലോക വനിതാദിന ആഘോഷം**

KLM വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 വെള്ളിയാഴ്ച വനിതാദിനമായി ആചരിക്കുന്നു. രൂപത, ഫൊറോന, യൂണിറ്റ് തലങ്ങളിലുള്ള വനിതാഫോറം ഭാരവാഹികൾ പങ്കെടുക്കണം.

*Director*

# ഇൻഫാം

## *INF 2/2024* ബഡ്ജറ്റ് പ്രതീക്ഷാനിർഭരമല്ല

കർഷകരെ കടക്കെണിയിൽ നിന്നു രക്ഷിക്കുന്നതിനോ ആത്മഹത്യയിൽ നിന്നൊഴിവാക്കുന്നതിനോ ആശ്വാസകരമായ പദ്ധതികളൊന്നുമില്ലാത്ത ബഡ്ജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ചതെന്ന് ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, പ്രസിഡന്റ് ജോസ് എടപ്പാട്ട് എന്നിവർ പറഞ്ഞു.

ബഡ്ജറ്റിൽ വളരെ പ്രതീക്ഷകളുമായി കാത്തിരുന്ന കർഷകർ നിരാശരായി. റബറിന് 250 രൂപ തറവില എന്ന പ്രകടനപത്രിക പ്രഖ്യാപനം ഇക്കുറിയും മറന്ന സർക്കാർ 200 രൂപയെങ്കിലും തറവില പ്രഖ്യാപിക്കുമെന്ന് കരുതിയെങ്കിലും പ്രതീക്ഷകൾ പാടേ പാളി.

റബർ ഉത്പന്നങ്ങൾക്കും നിത്യോപയോഗ സാധനങ്ങൾക്കും ക്രമാതീതമായി പലവട്ടം വില വർദ്ധിച്ചെങ്കിലും റബർ ഷീറ്റിനോ കാർഷികോത്പന്നങ്ങൾക്കോ ആനുപാതികമായ വില ലഭിക്കാത്ത ദുരിതത്തിലാണ് കർഷകർ.

നെല്ല്, നാളികേരം, കശുമാവ്, ക്ഷീരം തുടങ്ങിയ സമസ്ത കാർഷിക മേഖലകളേയും അവഗണിച്ച ബഡ്ജറ്റാണിതെന്ന് ഇൻഫാം സംസ്ഥാന സമിതി ബഡ്ജറ്റ് അവലോകന യോഗം വിലയിരുത്തി.

കർഷകരിൽ 73 ശതമാനവും കടക്കെണിയിൽ ഉൾപ്പെട്ട് ജപ്തി നടപടിയെ നേരിടുന്നവരാണ്. പതിറ്റാണ്ടുകളായി കർഷകന്റെ അധ്വാനഫലം ഇവിടെ കൊള്ളയടിക്കപ്പെടുകയാണ്. ഇത് തിരിച്ചറിയാനും പ്രതികരിക്കാനും കർഷകർക്ക് സാധിക്കണമെന്നും കേന്ദ്രസംസ്ഥാന സർക്കാരുകൾ തുടർന്നു വരുന്ന കർഷക വിരുദ്ധ നയം തിരുത്താൻ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു.

## *INF 3/2024* ചങ്ങനാശേരി, പാലാ കാർഷിക ജില്ലാ സന്ദർശനം നടത്തി

ഇൻഫാം പ്രതിനിധികൾ ചങ്ങനാശേരി, പാലാ കാർഷിക ജില്ലാ സന്ദർശനം നടത്തി. ഇതോടനുബന്ധിച്ച യോഗം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ ഉദ്ഘാടനം ചെയ്തു. മൂല്യവർ

ദ്ധിത ഉത്പന്നങ്ങളുടെ നിർമാണവും വിപണനവും നടത്താൻ കർഷകർ തന്നെ മുൻകൈയെടുക്കണമെന്നും പ്രാദേശിക തലത്തിലോ മേഖല തലത്തിലോ വിപണന കേന്ദ്രങ്ങൾ തുടങ്ങണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട് മുഖ്യ പ്രഭാഷണം നടത്തി. ഇരു യോഗങ്ങളിലായി ചങ്ങനാശേരി കാർഷിക ജില്ല പ്രസിഡന്റ് പി. ജെ സേവിച്ചൻ, ഡയറക്ടർ ഫാ. എമ്മാനുവൽ നെല്ലുവേലിൽ, സെക്രട്ടറി റ്റോം ജോസഫ്, ട്രഷറർ എം.കെ വർഗീസ്, റോയി ജോസഫ്, ജോസഫ് ചാക്കോ, ജോസി ഡൊമിനിക്, സണ്ണി മുത്തോലപുരം, വി.എം ഫ്രാൻസിസ്, തോമസ് രാജൻ, പാലാ കാർഷിക ജില്ല പ്രസിഡന്റ് കെ. കെ ജോസ്, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ, പാലാ കാർഷിക ജില്ല ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, സെക്രട്ടറി തോമസ് മറ്റം, ബേബിച്ചൻ പന്തപ്പിള്ളി, പി. പി. അഗസ്റ്റിൻ, ജോയി തെങ്ങുംകുടിയിൽ, റോയി വള്ളമറ്റം തുടങ്ങിയവർ പ്രസംഗിച്ചു.

*INF 4/2024* **ഇൻഫാം പ്രതിനിധികൾ മേജർ ആർച്ച് ബിഷപ്പിനെ സന്ദർശിച്ചു**

കാക്കനാട് സെന്റ് തോമസ് മൗണ്ടിലെത്തിയാണ് ഇൻഫാം പ്രതിനിധികൾ പിതാവിനെ സന്ദർശിച്ച് അനുമോദനങ്ങൾ അറിയിച്ചത്. ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോസ് മോനിപ്പിള്ളിൽ, പ്രസിഡന്റ് ജോസ് എടപ്പാട്ട്, ജോയി തെങ്ങുംകുടിയിൽ, പി. പി അഗസ്റ്റിൻ, സണ്ണി അരഞ്ഞാണി, റോയി വള്ളമറ്റം, ജോണി മെതിപ്പാറ, ജോയെൽ നെല്ലിക്കുന്നേൽ, വി.എം ഫ്രാൻസിസ്, രാജൻ മടിപാറ, ജോണി ജോയി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് സന്ദർശനം നടത്തിയത്.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**March 2024**

| | | |
|---|---|---|
| 7 - 10 | - | Jesus Youth all Kerala Meeting |
| 12 | - | KLM Meeting |
| 13 | - | Unarv Meeting |

14 - 16 - Pre Marriage Course
23 - 27 - Agape Retreat

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Jose | ” | 19 |
| " | Athickal Joseph | ” | 19 |
| " | Chirapparambil Jose | ” | 19 |
| " | Ezhumayil Joseph | ” | 19 |
| " | Kadukamakal Joseph | ” | 19 |
| " | Kanjirakombil Jose | ” | 19 |
| " | Kalapurackal Jose | ” | 19 |
| " | Kapiyarumalayil Joseph | ” | 19 |
| " | Kallarackal Joseph | ” | 19 |
| " | Kandathil Joseph | ” | 19 |
| " | Kandathinkara Joseph | ” | 19 |
| " | Keethappilly Joseph | ” | 19 |
| " | Kizhakel Jose | ” | 19 |
| " | Kochuparambil Joseph (Sr.) | ” | 19 |
| " | Kochuparambil Joseph (Jr.) | ” | 19 |
| " | Kochuputhenpurayil Joseph | ” | 19 |
| " | Koickakudy Joseph | ” | 19 |
| " | Koithanath Joseph | ” | 19 |
| " | Koonanickal Jose | ” | 19 |
| " | Koonanickal Joseph | ” | 19 |
| " | Kottoor Joseph | ” | 19 |
| " | Kulathoor Jose | ” | 19 |
| " | Kunnumpurath Joseph (Sr) | ” | 19 |
| " | Kunnumpurath Joseph (Jr) | ” | 19 |
| " | Kuzhikanniyil Joseph | ” | 19 |

| | | | |
|---|---|---|---|
| Rev. Fr. | Makolil Joseph | ” | 19 |
| " | Madathil Joseph (Sr) | ” | 19 |
| " | Madathil Joseph (Jr) | ” | 19 |
| " | Mailadiathu Jose | ” | 19 |
| " | Monippilly Jose | ” | 19 |
| " | Moorkattil Jose | ” | 19 |
| " | Mulanjanany Joseph | ” | 19 |
| " | Mundackal Joseph (Sr.) | ” | 19 |
| " | Mundackal Joseph (Jr.) | ” | 19 |
| " | Mundunadayil Joseph | ” | 19 |
| " | Muttathuvalayil Joseph | ” | 19 |
| " | Nedumpuram Joseph | ” | 19 |
| " | Neerampuzha Jose | ” | 19 |
| " | Niravath Joseph | ” | 19 |
| " | Parayannilam Joseph | ” | 19 |
| " | Pinakkattu Joseph | ” | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph (Sr.) | ” | 19 |
| " | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Vadakkedath Joseph | ” | 19 |
| " | Vallomkunnel Joseph | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |
| " | Vettikuzhichalil Joseph | ” | 19 |
| " | Koonath Joseph CMF | ” | 19 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജനുവരി 2024**

26 • കോതമംഗലം ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. ഡോ. സി. ലയോള എം.എസ്.ജെ. യുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

• ഏഴല്ലൂർ ദൈവാലയത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

• മൂവാറ്റുപുഴ നിർമ്മല കോളേജിൽ രൂപത കെ.സി.വൈ.എം മുൻകാല ഭാരവാഹികളുടെ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

27 • ചങ്ങനാശ്ശേരി അരുവിക്കുഴി ഇടവകയിൽ അഭിവന്ദ്യ തോമസ് തുരുത്തിമറ്റം പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുത്തു.

• കരിമണ്ണൂർ സെന്റ് ജോസഫ് ഹൈസ്കൂളിന്റെ നവതി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

28 • നെടുംകണ്ടം ഫൊറോന ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• മൂവാറ്റുപുഴ ഈസ്റ്റ് എഫ്.സി.സി. മഠത്തിൽ ബഹു. സി. ബ്ലെയ്സ് ബഹു. സി. അനാക്ലേറ്റ് എന്നിവരുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

29 • തെന്നത്തൂർ ഇടവകയിൽ ബഹു. ജോൺ കല്ലറക്കൽ അച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

• കലയന്താനി സെന്റ് ജോർജ് ഹൈസ്കൂളിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

30-5• ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. സമ്മേളനത്തിൽ പങ്കെടുത്തു.

**ഫെബ്രുവരി 2024**

03 • ആരക്കുഴ സി.എം.സി. മഠത്തിൽ ബഹു. സി. റെനി സി.എം. സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ബഹു. ജോർജ് മുണ്ടയ്ക്കൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• പുറപ്പുഴ ദൈവാലയത്തിൽ തയ്യിൽ കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

06 • മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന പ്രസ്ബിറ്ററിയത്തിൽ അധ്യക്ഷത വഹിച്ചു

07 • രാമല്ലൂർ സേക്രട്ട് ഹാർട്ട് L.P. സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

08 • പെരിങ്ങുഴ ഇടവകയിൽ മാടശ്ശേരി ബിബിൻ-ഡോജ ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെ പ്രാരംഭ കൂദാശകൾക്ക് കാർമികത്വം വഹിച്ചു

09 • പൂയംകുട്ടി ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• നെടിയകാട് ഇടവകയിൽ പൊട്ടൻപ്ലാവിൽ നോബിൾ-മരിയ ദമ്പതികളുടെ നാലാമത്തെ കുട്ടിയുടെ പ്രാരംഭ കൂദാശകൾക്ക് കാർമികത്വം വഹിച്ചു

• മൂവാറ്റുപുഴ ഈസ്റ്റ് ക്ലാരമഠത്തിൽ ബഹു. സി. ഡയനീഷ്യ എഫ്.സി.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

10 • കോഴിപ്പിള്ളി എസ്.എ.ബി.എസ്. നൊവിഷ്യേറ്റ് ഹൗസിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ രൂപതയിലെ സ്കൂളുകളിൽ നിന്ന് റിട്ടയർ ചെയ്യുന്ന അധ്യാപകരെ ആദരിച്ച സമ്മേളനത്തിൽ പങ്കെടുത്തു.

12 ● കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതി തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

● വിജയപുരം രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ ജസ്റ്റിൻ മടത്തിപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

13 ● മൂവാറ്റുപുഴ ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ പ്രൊവിൻഷ്യൽ സിനാക്സിസിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

14 ● വാഴക്കുളം കാർമൽ സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ച വാഴക്കുളം കൺവെൻഷനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

15 ● കോതമംഗലം എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യൽ സിനാക്സിസിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

● കോതമംഗലത്ത് ബഹു. സി. ക്ലാരൻസ് സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾ കാർമ്മികത്വം വഹിച്ചു.

● ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയ അങ്കണത്തിൽ ആരംഭിച്ച ചങ്ങനാശ്ശേരി ദിവ്യകാരുണ്യ കൺവെൻഷനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

16 ● ആരക്കുഴ മലേക്കുരിശ് തീർത്ഥാടനത്തിൽ പങ്കുചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു.

19 ● കോതമംഗലം ക്രിസ്തുജ്യോതി ഇന്റർനാഷണൽ സ്കൂളിന്റെ വാർഷിക ആഘോഷങ്ങളിൽ പങ്കെടുത്ത് സന്ദേശം നൽകി.

22 ● വാഴക്കുളം ദൈവാലയത്തിൽ ഓലിക്കൽ ലൂക്കാച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

● ഇരട്ടയാർ ദൈവാലയ അങ്കണത്തിൽ ആരംഭിച്ച ഇരട്ടയാർ കൺവെൻഷനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

23 ● മൂവാറ്റുപുഴ നെസ്റ്റിൽ രൂപത എ.കെ.സി.സി. യുടെ വർക്കിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത് സന്ദേശം നൽകി.

- മൂവാറ്റുപുഴ കത്തീഡ്രൽ അങ്കണത്തിൽ മൂവാറ്റുപുഴ കൺവെൻഷനിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

24
- മാറിക എസ്.എ.ബി.എസ്. മഠത്തിൽ ബഹു. സി. പൊലികാർപ്പ് എസ്.എ.ബി.എസ്. -ന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.
- ആവോലിച്ചാൽ ജീവ വാട്ടർ പ്ലാന്റിൽ പുതുതായി സ്ഥാപിച്ച മെഷീന്റെ വെഞ്ചിരിപ്പ് നടത്തി.

# Bishop's Engagements

## March 2024

| | | | |
|---|---|---|---|
| 03 | Sun | Eucharistic Convention | Paingottoor |
| 08 | Fri | Meeting | NESTT |
| 09 | Sat | Jubilee | Viswajyothi |
| 10 | Sun | Pastoral visit | Vadakode |
| 11 | Mon | Holy Qurbana | Minor Seminary |
| 14 | Thu | Finance Council Meeting | Bishop's House |
| 14 - 15 | Thu - Fri | Regional Recollection | Thiruvalla |
| 16 | Sat | Holy Qurbana | Cathedral |
| | | Chapel Blessing | Parapuzha |
| 17 | Sun | Seminar | Chenkulam |
| 18 - 20 | Mon-Wed | PAROC Seminar | Thrissur |
| 22 | Fri | Convocation | Muvattupuzha |
| 23 | Sat | Diaconate Ordination | Cathedral |
| | | Bible Convention | Muthalakodam |
| 25 | Mon | Chrism Mass | Cathedral |
| 28 | Thu | Holy Qurbana | Cathedral |
| 31 | Sun | Holy Qurbana | Cathedral |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ജയിംസ് കുര്യനാൽ | ” | 03-04-2020 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |
| ഫാ. മാത്യു തെക്കേക്കര (Jr) | ” | 07-04-2019 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. ഫ്രാൻസിസ് നന്തലത്ത് | ” | 20-04-2023 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. കുര്യാക്കോസ് കച്ചിറമറ്റം | | 22-04-2022 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

# നിര്യാതരായി

## സി. ഡയനീഷ്യ FCC (കൊച്ചുമുട്ടം)

| | | |
|---|---|---|
| ഇടവക | - | ബെസ്ലഹം |
| ജനനം | - | 14-05-1935 |
| ആദ്യവ്രതം | - | 24-07-1961 |
| നിത്യവ്രതം | - | 24-07-1964 |
| മരണം | - | 06-02-2024 |
| മൃതസംസ്കാരം | - | 09-02-2024 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. ആഗ്നറ്റ് SH (തൃക്കണ്ണശ്ശേരിൽ)

| | | |
|---|---|---|
| ഇടവക | - | ഈസ്റ്റ് മാറാടി |
| ജനനം | - | 01-01-1941 |
| ആദ്യവ്രതം | - | 02-05-1960 |
| നിത്യവ്രതം | - | 02-05-1963 |
| മരണം | - | 03-02-2024 |
| മൃതസംസ്കാരം | - | 04-02-2024 (മൈലക്കൊമ്പ്) |

## സി. റെനി CMC (ചെറുപറമ്പിൽ)

| | | |
|---|---|---|
| ഇടവക | - | വാഴക്കുളം |
| ജനനം | - | 04-12-1929 |
| ആദ്യവ്രതം | - | 04-01-1953 |
| നിത്യവ്രതം | - | 16-05-1958 |
| മരണം | - | 30-01-2024 |
| മൃതസംസ്കാരം | - | 02-02-2024 (ആരക്കുഴ) |

## സി. ക്ലാരൻസ് CMC (കുന്നത്ത്)

| | | |
|---|---|---|
| ഇടവക | - | കരിമണ്ണൂർ |
| ജനനം | - | 06-11-1939 |
| ആദ്യവ്രതം | - | 15-04-1966 |
| നിത്യവ്രതം | - | 30-05-1971 |
| മരണം | - | 13-02-2024 |
| മൃതസംസ്കാരം | - | 15-02-2024 (കോഴിപ്പിള്ളി) |

## സി. പൊലികാർപ്പ് SABS (തോട്ടുപാട്ട്)

| | | |
|---|---|---|
| ഇടവക | - | കോടിക്കുളം |
| ജനനം | - | 18-06-1938 |
| ആദ്യവ്രതം | - | 24-04-1963 |
| നിത്യവ്രതം | - | 24-04-1967 |
| മരണം | - | 23-02-2024 |
| മൃതസംസ്കാരം | - | 24-02-2024 (മാറിക) |

# Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

## (Form IV See Rule 8)

| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House<br>Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara
(Publisher)

Date : 01-03-2024








**2024 ഫെബ്രുവരി 16നു രൂപതാഭിമുഖ്യത്തിൽ നടന്ന ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം**







**ചെറുപുഷ്പ മിഷൻ ലീഗ് : മൂന്നാമത്**

**ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം**

**25-02-2024**



**എസ്.ഡി. കോതമംഗലം സെന്റ് വിൻസെന്റ്**
**പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീം**

റവ. സി. കൊച്ചുറാണി നെടുംകല്ലേൽ (പ്രൊവിൻഷ്യൽ സുപ്പീരിയർ),
സി. ഫിൽസി ചെറുകുന്നേൽ (വികാർ പ്രൊവിൻഷ്യൽ),
സി മരിയറ്റ് ചൊള്ളക്കുന്നേൽ, സി.അമൻഡ മഴുവൻഞ്ചേരിൽ,
സി. സുമി റോസ് പാലത്തിങ്കൽ,
സി. ജോസിയ പടിഞ്ഞാറേടത്ത് (കൗൺസിലേഴ്സ്),
സി. എവിലിൻ താനത്തുപറമ്പിൽ (ഓഡിറ്റർ)



**സി.എച്ച്.എഫ്. മൂവാറ്റുപുഴ കൃപാജ്യോതി**
**പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ ടീം**

റവ. സി. ഡോ. ആഷാ ജോൺ (പ്രൊവിൻഷ്യൽ സുപ്പീരിയർ),
സി. മേരീസ് മാമ്പിള്ളി (വികാർ പ്രൊവിൻഷ്യൽ),
സി. ജോസ്മിൻ മരിയ, സി.ജെസ്സി കാനാട്ട്,
സി. റാണി മരിയ (കൗൺസിലേഴ്സ്),
സി. സൂസൻ മരിയ (ഓഡിറ്റർ)

Deivarajyam
March 2024

R.N.7623/63
Registered No : KL/ALY/0020/2023-2025
Date of Publication : 01/03/2024
Posted at Thodupuzha Stg.
Annual Subscription ₹500

EPARCHY OF KOTHAMANGALAM
To have life in abundance
ESTD 1956

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691